DISTRICT PANCHAYATH KASARAGOD

# EQUIP 2023

(Educational Quality Improvement Programme for class ten)

## QUESTION POOL



Student Support Material for Class X

# SOCIAL SCIENCE

MALAYALAM MEDIUM

DIET KASARAGOD

**_EQUIP 2023_**

**Chief Editor** : **Dr. Raghurama Bhat K.**
Principal, DIET Kasaragod

**Editor** : **Madhusoodanan V.**
Lecturer, DIET Kasaragod

**Editorial Board** : **Gireesh Babu A.**
Lecturer, DIET Kasaragod
: **Ashoka M.**
Teacher Educator, DIET Kasaragod

**Resource Team**

1. Jyothi Kumari A., GVHSS Karadka
2. Abdul Basheer, GFVHSS Cheruvathur
3. Mineesh Babu, GVHSS Iriyanni
4. Biju M., GHSS Parappa
5. Vijayan T., GMRHSS Kasaragod
6. Aishah Binti Abdul Khader, GHSS Thachangad
7. Raghava M.N., GHSS Mogralputhur
8. Sandeep B.S., GHSS Bandadka
9. Liji N.V, GHSS Kumbala

***DTP Layout & Cover design***

*Rubix Cyber Cafe, Iriyanni, Kasaragod*

***Prepared by : DIET Kasaragod***

***Printed & Published by : District Panchayath Kasaragod***



## ആശംസ

വികേന്ദ്രീകൃത ആസൂത്രണത്തിലൂടെയും നിർവ്വഹണത്തിലൂടെയും കേരളത്തിലെ ആരോഗ്യ വിദ്യാഭ്യാസ മേഖലകളെ ദേശീയ തലത്തിൽ ഒന്നാമതെത്തിക്കാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. ഈ നേട്ടങ്ങൾ കൈവരിക്കാൻ പ്രാദേശിക ഭരണകൂടങ്ങൾ സ്തുത്യർഹമായ പങ്കുവഹിച്ചു. കോവിഡ് പ്രതിസന്ധി രൂക്ഷമായപ്പോൾ കേരളത്തിലെ പൊതു വിദ്യാഭ്യാസ മേഖല നിശ്ചലമാകാതെ മുന്നോട്ടുകൊണ്ടുപോകാൻ നാമെല്ലാം കൈകോർത്തു പിടിച്ചുകൊണ്ട് ശ്രമിച്ചു. എന്നിരുന്നാലും മുഖാമുഖ പഠനാനുഭവങ്ങളുടെ അഭാവം വിദ്യാർത്ഥികൾക്ക് പഠനവിടവുകളും പഠനനഷ്ടങ്ങളും ഉണ്ടാക്കിയിട്ടുണ്ട്. ഈ പ്രശ്നം പരിഹരിക്കുന്നതിനുവേണ്ടി കാസറഗോഡ് ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ പൊതുവിദ്യാഭ്യാസ വകുപ്പും കാസറഗോഡ് ഡയറ്റും ഒത്തുചേർന്ന് നടപ്പാക്കുന്ന **'എക്വിപ്പ്'** ***(EQUIP)*** പഠനപരിപോഷണ പരിപാടിക്ക് എല്ലാ പിന്തുണയും ഉറപ്പുതരുന്നു. പത്ത് വർഷത്തെ പഠനപ്രവർത്തനങ്ങളുടെ മികവിന്റെ അടയാളമായി മാറുകയാണ് പത്താം ക്ലാസിലെ വാർഷിക പരീക്ഷ. അറിവിന്റെ തെളിമയോടെ ഓരോ വിദ്യാർത്ഥിക്കും പരീക്ഷ എഴുതാൻ കഴിയണം. വിദ്യാർത്ഥികളുടെ ജീവിതത്തിലെ ഏറ്റവും പ്രധാനപ്പെട്ട പരീക്ഷകൾക്ക് വേണ്ടി തയ്യാറാക്കിയ ചോദ്യബാങ്കിന് എല്ലാവിധ ആശംസകളും നേരുന്നു. നന്നായി പഠിക്കുക. പരീക്ഷയെ സധൈര്യം നേരിടുക. തളരാതെ മുന്നോട്ട്. വിജയം നിങ്ങളോടൊപ്പമുണ്ട്. ആശംസകൾ.

**ശ്രീമതി ബേബി ബാലകൃഷ്ണൻ**
ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്
കാസറഗോഡ്



# *ആശംസ*

കാസർകോട് ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ ജില്ലയിലെ പൊതുവിദ്യാഭ്യാസ മേഖലയെ ശക്തിപ്പെടുത്തുന്നതിന് നിരവധി പ്രവർത്തനങ്ങളാണ് നടന്നുവരുന്നത്. കോവിഡ്-19 നമ്മുടെ ശ്രമങ്ങളെ പിന്നോട്ടടിക്കാൻ ഒരു പരിധിവരെ കാരണമായിട്ടുണ്ടെങ്കിലും, അതിനെയൊക്കെ അതിജീവിച്ചുകൊണ്ട് പൊതുവിദ്യാഭ്യാസ മേഖലയെ പൂർവ്വാധികം കരുത്തോടെ നാം മുന്നോട്ട് നയിക്കുകയാണ്. ഈ ഘട്ടത്തിലാണ് കാസറഗോഡ് ജില്ലാ പഞ്ചായത്തും, പൊതുവിദ്യാഭ്യാസ വകുപ്പും, വിദ്യാഭ്യാസ പരിശീലന കേന്ദ്രവും (DIET) പത്താം ക്ലാസ് വിദ്യാർത്ഥികളുടെ പഠനവിടവുകൾ പരിഹരിക്കുന്നതിനും ആത്മവിശ്വാസത്തോടെ പൊതുപരീക്ഷയെ നേരിടാൻ അവരെ പ്രാപ്തരാക്കുന്നതിനും വേണ്ടി പഠനപരിപോഷണ സാമഗ്രി തയ്യാറാക്കുന്നത്. കുട്ടികളുടെ അക്കാദമിക മികവ് ഉറപ്പുവരുത്തിക്കൊണ്ട് മികച്ച ഗ്രേഡുകൾ നേടാൻ അവരെ സജ്ജമാക്കാൻ ***'എകിപ്പ് 2023'*** എന്ന പേരിൽ ഡയറ്റ് കാസർകോട് തയ്യാറാക്കിയ ഈ പദ്ധതിക്ക് കഴിയട്ടെയെന്ന് ആശംസിക്കുന്നു.

സ്നേഹപൂർവ്വം

**അഡ്വ. സരിത എസ്.എൻ.**

ആരോഗ്യ-വിദ്യാഭ്യാസ സ്ഥിരം സമിതി

അധ്യക്ഷ, ജില്ലാ പഞ്ചായത്ത്,

കാസർകോട്



# ആശംസ

ഈ വർഷം എസ്.എസ്.എൽ.സി. പരീക്ഷ എഴുതുന്ന വിദ്യാർത്ഥികൾക്ക് ജില്ലാ പഞ്ചായത്തിന്റെയും ഡയറ്റിന്റെയും സഹായ സംരംഭമാണ് **EQUIP** പഠനപുസ്തകം. ഇംഗ്ലീഷ്, കണക്ക്, ഫിസിക്സ്, കെമിസ്ട്രി, ബയോളജി, സോഷ്യൽ സയൻസ് എന്നീ വിഷയങ്ങളെ അടിസ്ഥാനമാക്കി യൂണിറ്റുകൾ സമഗ്രമായും കണ്ട് ഓരോ പുസ്തകവും, ഭാഷാ വിഷയങ്ങളെ മൊത്തമായി ഉൾക്കൊള്ളിച്ച് ഒരു പുസ്തകമായുമാണ് EQUIP തയ്യാറാക്കിയിരിക്കുന്നത്.

ഉത്തരം പഠിക്കുന്നതിന് പകരം ചോദ്യങ്ങളിലൂടെ ഉത്തരത്തിലേക്ക് എത്തി ചിന്താശേഷിയും രചനാ രീതിയും പരിശീലിച്ച് പാഠഭാഗത്തിന്റെ ആശയം ഉൾക്കൊള്ളുക എന്ന രീതിയാണ് EQUIP അടിസ്ഥാനമാക്കുന്നത്.

വിദ്യാലയങ്ങളിലെ പരിചയ സമ്പന്നരായ അധ്യാപകർ നൽകുന്ന നിർദ്ദേശത്തോടെ കൊറോണ കാലത്തെ പഠന വിടവ് അനുഭവിച്ച ഒരു ബാച്ചിന് ആവശ്യമായ കൈത്താങ്ങ് EQUIP നൽകും.

EQUIP പഠനസാമഗ്രി ജില്ലയിലെ പത്താം ക്ലാസ്സ് വിദ്യാർത്ഥികൾക്ക് ഏറ്റവും മികച്ച വിജയത്തിനുള്ള ചവിട്ടുപടി ആവട്ടെയെന്ന് ആഗ്രഹിക്കുന്നു. ജില്ലാ പഞ്ചായത്തിന്റെയും ഡയറ്റിന്റെയും സംരംഭത്തിന് എല്ലാ ആശംസകളും നൽകുന്നു.

**വാസു സി.കെ.**
ജില്ലാ വിദ്യാഭ്യാസ ഉപഡയറക്ടർ
കാസർകോട്



# ആമുഖം

ജില്ലയിലെ അക്കാദമിക പ്രവർത്തനങ്ങളെ ഏകോപിപ്പിച്ച് മുന്നോട്ട് നയിക്കുന്ന ഉത്തരവാദിത്തമാണല്ലോ ജില്ലാ വിദ്യാഭ്യാസ പരിശീലന കേന്ദ്രങ്ങൾ (DIET) കാലങ്ങളായി ചെയ്തുവരുന്നത്. മനുഷ്യവിഭവശേഷിയിൽ പരിമിതികൾ ഉള്ളപ്പോൾ തന്നെ പ്രീ-പ്രൈമറി തലം മുതൽ ഹയർ സെക്കൻഡറി തലം വരെയുള്ള മേഖലകളിൽ വിവിധങ്ങളായ പദ്ധതികൾ ആസൂത്രണം ചെയ്യാനും നിർവഹിക്കാനും ഡയറ്റുകൾക്ക് ഇതുവരെ കഴിഞ്ഞിട്ടുണ്ട്. പത്താം തരത്തിലെ കുട്ടികളുടെ പഠനപ്രശ്നങ്ങൾ മറികടക്കാൻ കഴിഞ്ഞ കുറച്ച് വർഷങ്ങളായി കാസറഗോഡ് ഡയറ്റ് നടപ്പിലാക്കുന്ന പദ്ധതിയാണ് **EQUIP (Educational Quality Improvement Programme).** അതതു വർഷത്തെ കുട്ടികളുടെ പഠനപ്രശ്നങ്ങൾ പരിഗണിച്ചുകൊണ്ടാണ് പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തുന്നത്. ഈ പദ്ധതിയുടെ ഭാഗമായി പത്താംതരം പരീക്ഷയെ അഭിമുഖീകരിക്കാൻ കുട്ടികളെ സഹായിക്കുന്ന വിവിധ വിഷയബന്ധിതമായ ചോദ്യ മാതൃകകൾ പരിചയപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്. ജില്ലാ പഞ്ചായത്തിന്റെ സഹായത്തോടെ മലയാളത്തിലും ഇംഗ്ലീഷിലും കന്നഡയിലും ഏഴ് പുസ്തകങ്ങൾ (വ്യത്യസ്ത വിഷയങ്ങൾ) അച്ചടിച്ച് ഓരോ മാധ്യമത്തിലും ഓരോ കോപ്പി സ്കൂളുകളിൽ നൽകാനാണ് ഉദ്ദേശിക്കുന്നത്. ഈ അധ്യയന വർഷം പത്താംതരം പരീക്ഷ എഴുതുന്ന മുഴുവൻ കുട്ടികൾക്കും ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു. വ്യത്യസ്ത പഠനവേഗതയും പഠനമികവുമുള്ള എല്ലാ വിഭാഗം കുട്ടികൾക്കും ഈ സാമഗ്രി പ്രയോജനപ്പെടട്ടെ എന്ന് ആശംസിക്കുന്നു. അധ്യാപകരുടെ ആത്മാർത്ഥമായ പിന്തുണയും പ്രോത്സാഹനവും അനിവാര്യമായ ഈ ഉദ്യമത്തിൽ എല്ലാവരുടെയും സഹായ സഹകരണങ്ങൾ പ്രതീക്ഷിച്ചുകൊണ്ട് ഏവർക്കും വിജയാശംസകൾ നേരുന്നു.

ആശംസകളോടെ,

**ഡോ. രഘുരാമ ഭട്ട് കെ.**

പ്രിൻസിപ്പാൾ

ഡയറ്റ് കാസർകോട്

# SOCIAL SCIENCE

## സാമൂഹ്യശാസ്ത്രം

*Malayalam Medium*

# EQUIP - DIET KASARAGOD
# SSLC QUESTION POOL
## SOCIAL SCIENCE - MALAYALAM MEDIUM

### 1 മാർക്കിന്റെ ചോദ്യങ്ങൾ

1. ഇന്ത്യയിലെ ആദ്യത്തെ വനിത സർവ്വകലാശാല സ്ഥാപിച്ചതാര്?
   (പണ്ഡിത രമാഭായി, ഡി.കെ. കാർവ്വെ,
   രവീന്ദ്രനാഥ ടാഗോർ, ഡോ. സക്കീർ ഹുസൈൻ)

2. മൗണ്ട് $K_2$ സ്ഥിതിചെയ്യുന്നത് ഏത് മലനിരകളിലാണ്?
   (കാരക്കോറം, കാഞ്ചൻ ജംഗ, ലഡാക്ക്, സസ്ക്കർ)

3. റബ്ബർ കൃഷിക്ക് അനുയോജ്യമായ മണ്ണിനം ഏതാണ്?
   (പർവ്വത മണ്ണ്, കറുത്ത മണ്ണ്, ചുവന്ന മണ്ണ്, ലാറ്ററൈറ്റ് മണ്ണ്)

4. ചുവടെ കൊടുത്തിട്ടുള്ളവയിൽ ഋതുഭേദങ്ങൾക്ക് കാരണമാകാത്ത ഘടകം തിരിച്ചറിഞ്ഞെഴുതുക.
   a) ഭൂമിയുടെ പരിക്രമണം b) അച്ചുതണ്ടിന്റെ ചെരിവ്
   c) അച്ചുതണ്ടിന്റെ സമാന്തരത d) ഭൂമിയുടെ ഭ്രമണം

5. ധരാതലീയ ഭൂപടങ്ങളിൽ കിഴക്കോട്ട് പോകുംതോറും മൂല്യം വർദ്ധിക്കുന്ന രേഖകൾ ഏതാണ്?
   (കോണ്ടൂർ രേഖ, ഈസ്റ്റിങ്ങ്സ്, നോർത്തിങ്ങ്സ്, കോണ്ടൂർ ഇടവേള)

6. "മനുഷ്യന് ചില അവകാശങ്ങളുണ്ട്. അതിനെ ഹനിക്കാൻ ഒരു ഗവൺമെന്റിനും അവകാശമില്ല." ഇത് ആരുടെ പ്രസ്താവനയാണ്?
   (തോമസ് പെയിൻ, തോമസ് ജെഫെഴ്സൺ,
   ജയിംസ് മാഡിസൺ, ജോൺ ലോക്ക്)

7. 'മഞ്ഞുതീനി' എന്നറിയപ്പെടുന്ന പ്രാദേശികവാതം ഏതാണ്?
   (ചിനുക്ക്, ഫൊൻ, കാൽബൈശാഖി, ലൂ)

8. ചുവടെ നൽകിയിരിക്കുന്നവയിൽ തദ്ദേശസ്വയംഭരണ സർക്കാർ ചുമത്തുന്ന നികുതി ഏത്?
   (കോർപ്പറേറ്റ് നികുതി, ഭൂനികുതി, വസ്തുനികുതി, മൂല്യവർധിത നികുതി)

9. ഇന്ത്യയിലെ ഏറ്റവും വലിയ കൽക്കരി പാടം സ്ഥിതിചെയ്യുന്ന സ്ഥലം?

(നെയ്‌വേലി, ഝാറിയ, ഡിഗ്ബോയ്, സുന്ദർഗഡ്)

10. ധരാതലീയ ഭൂപടങ്ങളിലെ പ്രാഥമിക വിവരങ്ങളിൽ ഉൾപ്പെടാത്തത് ഏത്?

(ഭൂപടത്തിന്റെ തോത്, കോണ്ടൂർ ഇടവേള, ജലാശയങ്ങൾ, ഈസ്റ്റിങ്ങ്സ്)

11. താഴെ നൽകിയിരിക്കുന്നവയിൽ മഹാരാഷ്ട്രയിലെ നാസിക് ജില്ലയിൽ നിന്നും ഉത്ഭവിക്കുന്ന നദി ഏതാണ്?

കൃഷ്ണ, മഹാനദി, ഗോദാവരി, നർമ്മദ)

12. ഇന്ത്യയിൽ ധരാതലീയ ഭൂപട നിർമ്മാണത്തിന്റെ ചുമതല വഹിക്കുന്ന ഏജൻസി?

(റിമോട്ട് സെൻസിംഗ് ഏജൻസി, സർവ്വെ ഓഫ് ഇന്ത്യ, ഇന്ത്യൻ റീജൻ നാവിഗേഷൻ സാറ്റലൈറ്റ് സിസ്റ്റം, ഫിസിക്കൽ റിസർച്ച് ലബോറട്ടറി)

13. പ്രൈം മെറീഡിയൻ എന്നറിയപ്പെടുന്ന രേഖ ഏതാണ്?

($0^0$ രേഖാംശ രേഖ, $180^0$ രേഖാംശ രേഖ,

$82\frac{1}{2}^0$ രേഖാംശ രേഖ, $120^0$ രേഖാംശ രേഖ)

14. ചേരിചേരാ രാജ്യങ്ങളുടെ ആദ്യ സമ്മേളനം നടന്ന സ്ഥലം?

(ബാന്ദൂങ്ങ്, യൂഗോസ്ലാവിയ, ബൽഗ്രേഡ്, ഇന്തോനേഷ്യ)

15. ഇന്ത്യയുടെ ഭൂസ്ഥിര ഉപഗ്രഹങ്ങൾ ഏത് ശ്രേണിയിൽപ്പെട്ടതാണ്?

(INSAT, IRS, IRNSS, QIS)

16. താഴെപ്പറയുന്നവയിൽ ലയനക്കരാറിൽ ഒപ്പുവെക്കാൻ വിസമ്മതിച്ച നാട്ടുരാജ്യമേത്?

(ഹൈദരാബാദ്, അവധ്, ഝാൻസി, നാഗ്പൂർ)

17. കോട്ടണോപോളിസ് എന്നറിയപ്പെടുന്ന നഗരം?

(കണ്ട്ല, കൊൽക്കത്ത, മുംബൈ, അഹമ്മദാബാദ്)

18. ഭൂമിയുടെ അച്ചുതണ്ടിന് പരിക്രമണ തലത്തിൽ നിന്നുള്ള ചരിവ് എത്രയാണ്?

($23\frac{1}{2}^0$, $66\frac{1}{2}^0$, $82\frac{1}{2}^0$, $0^0$)

19. അടുത്തടുത്ത രണ്ട് കോണ്ടൂർ രേഖകളുടെ മൂല്യങ്ങൾ തമ്മിലുള്ള വ്യത്യാസം എന്തുപേരിൽ അറിയപ്പെടുന്നു?

(കോണ്ടൂർ മൂല്യം, ഫോംലൈൻ, കോണ്ടൂർ ഇടവേള, സ്പോട്ട് ഹൈറ്റ്)

20. ചുവടെ നൽകിയിരിക്കുന്നവയിൽ മാനവ വിഭവത്തിന്റെ ഗണപരമായ സവിശേഷതകളിൽ ഉൾപ്പെടാത്തത് ഏത്?

(ജനസാന്ദ്രത, പ്രായഘടന, ആയുർദൈർഘ്യം, ആശ്രയത്വ നിരക്ക്)

21. സൂര്യൻ ദക്ഷിണായന രേഖക്ക് നേർമുകളിലെത്തുന്ന ദിനം ഏത് പേരിൽ അറിയപ്പെടുന്നു?

(ശൈത്യ അയനാന്തദിനം, ഗ്രീഷ്മ അയനാന്ത ദിനം, സമരാത്രദിനം, അധിവർഷം)

22. താഴെ നൽകിയിരിക്കുന്നവയിൽ ത്രികക്ഷിസൗഹാർദ്ദത്തിൽ ഉൾപ്പെടാത്ത രാജ്യം?

(ഇംഗ്ലണ്ട്, ഫ്രാൻസ്, റഷ്യ, ജർമ്മനി)

23. 'നിർവാതമേഖല' എന്നറിയപ്പെടുന്ന ആഗോള മർദ്ദമേഖല ഏത്?

(മധ്യരേഖ ന്യൂനമർദ്ദ മേഖല, ഉപോഷ്ണ ഉച്ചമർദ്ദ മേഖല,

ഉപധ്രുവീയ ന്യൂനമർദ്ദ മേഖല, ധ്രുവീയ ഉച്ചമർദ്ദ മേഖല)

24. ജൂൺ ആരംഭത്തിൽ കൃഷിയിറക്കി നവംബർ ആദ്യവാരം വിളവെടുക്കുന്ന കാർഷിക വിളകൾ ഏത് പേരിൽ അറിയപ്പെടുന്നു?

(റാബി, ഖാരിഫ്, നാരുവിളകൾ, പാനീയവിളകൾ)

25. ഒരു പ്രദേശത്തിന് കാലാനുസൃതമായി ഉണ്ടായ മാറ്റങ്ങളെക്കുറിച്ച് മനസ്സിലാക്കുന്നതിനുള്ള ഭൂവിവിവരവ്യവസ്ഥയിലെ വിശകലന സാധ്യതയേത്?)

(ശൃംഖല വിശകലനം, ആവൃത്തി വിശകലനം,

ഓവർലേ വിശകലനം, വിദൂര സംവേദനം

26. വി.ടി. ഭട്ടതിരിപ്പാട് നേതൃത്വം നൽകിയ പരിഷ്കരണ പ്രസ്ഥാനമേത്?

(ആത്മവിദ്യാസംഘം, സാധുജന പരിപാലന സംഘം

നായർ സർവ്വീസ് സൊസൈറ്റി, യോഗക്ഷേമസഭ)

27. കൂടംകുളം ആണവ നിലയം സ്ഥിതിചെയ്യുന്നത് ഏത് സംസ്ഥാനത്താണ്?

(മഹാരാഷ്ട്ര, തമിഴ്നാട്, കർണ്ണാടകം, ഗുജറാത്ത്)

28. ധ്രുവങ്ങൾക്ക് മുകളിലൂടെ ഭൂമിയെ വലയം വയ്ക്കുന്ന കൃത്രിമ ഉപഗ്രഹങ്ങൾ?

(ഭൂസ്ഥിര ഉപഗ്രഹങ്ങൾ, സൗരസ്ഥിര ഉപഗ്രഹങ്ങൾ,

ജി.ഐ.എസ്, ജി.പി.എസ്.)

29. ഉത്തരേന്ത്യൻ സമതലത്തിൽ വീശുന്ന പ്രാദേശിക വാതം?

(ഫൊൻ, ഹർമാറ്റൻ, ചിനൂക്ക്, ലൂ)

30. സഹകരണം, സ്വയം സഹായം, പരസ്പര സഹായം എന്ന പ്രവർത്തന തത്വം അടിസ്ഥാനമാക്കി പ്രവർത്തിക്കുന്ന ബാങ്ക്?

(വാണിജ്യ ബാങ്ക്, സഹകരണ ബാങ്ക്, റിസർവ്വ് ബാങ്ക്, മുദ്ര ബാങ്ക്)

## 2 മാർക്കിന്റെ ചോദ്യങ്ങൾ

31. കുറിച്യ കലാപത്തിന്റെ കാരണങ്ങൾ എന്തെല്ലാമായിരുന്നു?

32. പൗരബോധ രൂപീകരണത്തെ കുടുംബം ഏത് രീതിയിൽ സ്വാധീനിക്കുന്നു?

33. ഇന്ത്യയിലെ പ്രധാന പ്രത്യക്ഷ നികുതികളേവ?

34. ഭക്ഷ്യസുരക്ഷ വകുപ്പ്, ലീഗൽ മെട്രോളജി വകുപ്പ് എന്നിവ ഉപഭോക്താക്കളുടെ സംരക്ഷണം ഉറപ്പുവരുത്തുന്നതെങ്ങനെ?

35. ഇന്ത്യയുടെ കാലാവസ്ഥയെ സ്വാധീനിക്കുന്ന ഏതെങ്കിലും രണ്ട് ഘടകങ്ങൾ എഴുതുക?

36. ധരാതലീയ ഭൂപടത്തിലെ കോണ്ടൂർ രേഖയിൽ നിന്ന് എന്തൊക്കെ കാര്യങ്ങൾ മനസ്സിലാക്കാം?

37. ഇന്ത്യയിൽ അനുഭവപ്പെടുന്ന പ്രാദേശിക വാതങ്ങളേവ?

38. ഇന്ത്യയിലെ സാമൂഹ്യപരിഷ്ക്കരണ പ്രസ്ഥാനങ്ങളുടെ പ്രധാന ലക്ഷ്യങ്ങൾ എന്തൊക്കെയായിരുന്നു?

39. പൗരബോധം നേരിടുന്ന വെല്ലുവിളികളെ മറികടക്കാൻ രണ്ടു പരിഹാരങ്ങൾ നിർദ്ദേശിക്കുക?

40. സംയോജിത ശിശുവികസന പരിപാടി (ICDS) യുടെ ലക്ഷ്യങ്ങളേവ?

41. 1986 ലെ ഉപഭോക്തൃ വിദ്യാഭ്യാസ സംരക്ഷണ നിയമത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള രണ്ട് അവകാശങ്ങൾ എഴുതുക?

42. ശാശ്വത ഭൂനികുതി വ്യവസ്ഥയുടെ സവിശേഷതകളേവ?

43. അന്താരാഷ്ട്ര ദിനാങ്ക രേഖയുടെ പ്രാധാന്യമെന്ത്?

44. ഉത്തരായനം, ദക്ഷിണായനം എന്നിവ എന്താണെന്ന് വ്യക്തമാക്കുക?

45. ഉപദ്വിപീയ പീഠഭൂമിയിൽ കാണപ്പെടുന്ന രണ്ട് മണ്ണിനങ്ങൾ എഴുതുക.

46. ഇന്ത്യൻ സമൂഹത്തിന്റെ ആധുനികവത്ക്കരണത്തിൽ രാജാറാം മോഹൻ റോയിയുടെ സംഭാവനകളെക്കുറിച്ച് ചുരുക്കി വിവരിക്കുക?

47. സിവാലിക് മലനിരകളുടെ ഏതെങ്കിലും രണ്ട് സവിശേഷതകൾ എഴുതുക?

48. ഇലക്ട്രോണിക് ബാങ്കിങിന്റെ സവിശേഷതകളേവ?

49. സർക്കാരിന്റെ പൊതുവരുമാന മാർഗ്ഗങ്ങൾ ഏതൊക്കെയാണ്?

50. ഇന്ത്യൻ സിവിൽ സർവ്വീസിന്റെ ഭാഗമായ അഖിലേന്ത്യാ സർവ്വീസിനെക്കുറിച്ച് ചുരുക്കി വിവരിക്കുക.

51. വൈക്കം സത്യാഗ്രഹത്തെക്കുറിച്ച് ലഘുവിവരണം തയ്യാറാക്കുക.

52. ധരാതലീയ ഭൂപടത്തിലെ ഏതെങ്കിലും രണ്ട് പ്രാഥമിക വിവരങ്ങൾ എഴുതുക?

53. ഊർജ്ജ ഉറവിടത്തെ അടിസ്ഥാനമാക്കി വിദൂര സംവേദനത്തെ തരംതിരിക്കുക?

54. സംസ്ഥാന പുനഃസംഘടന കമ്മീഷനിലെ അംഗങ്ങൾ ആരെല്ലാമായിരുന്നു?

## 4 മാർക്കിന്റെ ചോദ്യങ്ങൾ

55. റിസർവ്വ് ബാങ്കിന്റെ ധർമ്മങ്ങളേവ?

56. ഇന്ത്യൻ സ്റ്റാൻന്റേർഡ് സമയം, ഗ്രീനിച്ച് സമയം എന്നിവയെ കുറിച്ച് കുറിപ്പ് തയ്യാറാക്കുക.

57. ഇന്ത്യയുടെ രൂപരേഖയിൽ താഴെപ്പറയുന്ന ഭൂവിവരങ്ങൾ അടയാളപ്പെടുത്തി പേരെഴുതുക.

    a) കാവേരി നദി


    b) സത്പുര പർവ്വത നിരകൾ

    c) വിശാഖപട്ടണം തുറമുഖം

    d) ഡക്കാൺ പീഠഭൂമി

58. ഉദ്യോഗസ്ഥ വൃന്ദത്തിന്റെ സവിശേഷതകളേവ?

59. നൽകിയിട്ടുള്ള ഗ്രിഡിൽ കോട്ട, കിണർ എന്നിവയുടെ സ്ഥാനം നാലക്ക ഗ്രിഡ് റഫറൻസിലൂടെ കണ്ടെത്തുക




.

60. മുംബൈ പ്രധാന പരുത്തിത്തുണി വ്യവസായ കേന്ദ്രമായി മാറാൻ അനുകൂലമായ സാഹചര്യങ്ങൾ എന്തെല്ലാം?

61. 'എ' കോളത്തിൽ നൽകിയിരിക്കുന്നവയ്ക്ക് യോജിച്ചവ 'ബി' കോളത്തിൽ നിന്ന് കണ്ടെത്തി ക്രമപ്പെടുത്തി എഴുതുക.

| എ | ബി |
|---|---|
| രാമകൃഷ്ണമിഷൻ | സർ സയ്യദ് അഹമ്മദ്ഖാൻ |
| സത്യശോധക് സമാജം | സ്വാമി ദയാനന്ദ സരസ്വതി |
| അലിഗഡ് പ്രസ്ഥാനം | സ്വാമി വിവേകാനന്ദൻ |
| ആര്യസമാജം | ജ്യോതിബാ ഫൂലെ |

62. പങ്കാളിത്തനിരീക്ഷണവും പങ്കാളിത്തരഹിതനിരീക്ഷണവും തമ്മിലുള്ള വ്യത്യാസങ്ങളെന്ത്?

63. പൊതുഭരണത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് വിശദമാക്കുക.

64. GST എന്നാലെന്ത്? വിവിധതരം GST കൾ ഏതെല്ലാം?

65. നെപ്പോളിയന്റെ ഭരണപരിഷ്ക്കാരങ്ങളിൽ ഏതെങ്കിലും 4 എണ്ണം എഴുതുക.

66. ഒന്നാംലോക മഹായുദ്ധത്തിന്റെ ഏതെങ്കിലും നാല് ഫലങ്ങൾ എഴുതുക.

67. താഴെ നൽകിയിരിക്കുന്ന ഊർജ്ജസ്രോതസ്സുകളെ പാരമ്പര്യ സ്രോതസ്സുകൾ, പാരമ്പര്യേതര സ്രോതസ്സുകൾ എന്നിങ്ങനെ തരംതിരിച്ചെഴുതുക.

(ജൈവവാതകം, കൽക്കരി, സൗരോർജ്ജം, പെട്രോളിയം)

68. 'എ' കോളത്തിൽ നൽകിയിരിക്കുന്നവയ്ക്ക് യോജിച്ചവ 'ബി' കോളത്തിൽ നിന്ന് കണ്ടെത്തി ക്രമപ്പെടുത്തി എഴുതുക.

| എ | ബി |
|---|---|
| സാന്താൾ കലാപം | ദാദാഭായി നവറോജി |
| മാപ്പിള കലാപം | ബാലഗംഗാധര തിലക് |
| ചോർച്ചാസിദ്ധാന്തം | മലബാർ |
| ഇന്ത്യൻ അസ്വസ്ഥതയുടെ പിതാവ് | രാജ്മഹൽ കുന്നുകൾ |

69. ഉപഭോക്തൃ വിദ്യാഭ്യാസം നൽകുന്നതിന്റെ ഫലമായി രൂപപ്പെടുന്ന ഉപഭോക്തൃ ശീലങ്ങൾ ഏതെല്ലാം?

70. രാഷ്ട്രത്തിന്റെ നിർബന്ധിത ചുമതലയിൽ നിന്നും വിവേചനപരമായ ചുമതലകൾക്കുള്ള വ്യത്യാസമെന്ത്? ഉദാഹരണമെഴുതുക?

71. മാനവ വിഭവശേഷി വികസനത്തിൽ വിദ്യാഭ്യാസം, ആരോഗ്യപരിപാലനം എന്നിവയുടെ പങ്കിനെക്കുറിച്ച് കുറിപ്പ് തയ്യാറാക്കുക.

72. ബ്രിട്ടീഷുകാർക്കെതിരായി ഗാന്ധിജി ഉപ്പ് ഒരു സമരായുധമായി തിരഞ്ഞെടുക്കാനുള്ള കാരണങ്ങൾ എഴുതുക.

73. പൗരബോധം നേരിടുന്ന വെല്ലുവിളികൾ എന്തെല്ലാം?

74. ആകാശീയ വിദൂര സംവേദനത്തിന്റെ പോരായ്മകൾ എന്തെല്ലാം?

75. ‘എ’ കോളത്തിൽ നൽകിയിരിക്കുന്നവയ്ക്ക് യോജിച്ചവ ‘ബി’ കോളത്തിൽ നിന്ന് കണ്ടെത്തി എഴുതുക.

| എ | ബി |
|---|---|
| ഹോമി ജഹാംഗീർ ഭാഭ | ആന്ധ്രാപ്രദേശ് സംസ്ഥാന രൂപീകരണം |
| എച്ച്.എൻ. കുൺസ്രു | ഭരണഘടന നിർമ്മാണ സഭ |
| പോട്ടി ശ്രീരാമലു | ഇന്ത്യൻ ആണവോർജ്ജ കമ്മീഷൻ |
| ഡോ. രാജേന്ദ്രപ്രസാദ് | സംസ്ഥാന പുനഃസംഘടന കമ്മീഷൻ |

## 6 മാർക്കിന്റെ ചോദ്യങ്ങൾ

76. നിസ്സഹകരണ സമരത്തിന്റെ സവിശേഷതകളേവ?

ഇതിന്റെ ഭാഗമായി നടന്ന നിർമ്മാണ പ്രവർത്തനങ്ങളെക്കുറിച്ച് എഴുതുക.

77. മെർക്കന്റലിസം എന്നാൽ എന്ത്? മെർക്കന്റലിസ്റ്റ് നിയമങ്ങൾ എഴുതുക.

78. സൂര്യന്റെ ആപേക്ഷിക സ്ഥാനത്തെ അടിസ്ഥാനമാക്കി ചുവടെ നൽകിയിരിക്കുന്ന ദിവസങ്ങളുടെ പ്രാധാന്യം വിശദമാക്കുക.

a) ജൂൺ 21 b) ഡിസംബർ 22 c) മാർച്ച് 21

79. മാനവ വിഭവശേഷി വികസനത്തിന് വിദ്യാഭ്യാസം, ആരോഗ്യപരിപാലനം എന്നിവ വഹിക്കുന്ന പങ്കിനെക്കുറിച്ച് വിശദമാക്കുക?

80. ചൈന ജനകീയ റിപ്പബ്ലിക് ആയതെങ്ങനെയെന്ന് വിശദീകരിക്കുക.

81. അന്തരീക്ഷ മർദ്ദവുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

a) അന്തരീക്ഷ മർദ്ദം എന്നാലെന്ത്?

b) അന്തരീക്ഷ മർദ്ദം അളക്കുന്നതിനുള്ള ഉപകരണമേത്?

c) ഉയരം, താപം എന്നീ ഘടകങ്ങൾ അന്തരീക്ഷ മർദ്ദത്തെ സ്വാധീനിക്കുന്നതെങ്ങനെ?

82. ചുവടെ നൽകിയിട്ടുള്ള പ്രദേശങ്ങളെ അടിസ്ഥാനമാക്കി കേരളത്തിലെ ദേശീയ പ്രസ്ഥാനത്തെക്കുറിച്ച് വിവരിക്കുക.

* മലബാർ
* കൊച്ചി
* തിരുവിതാംകൂർ

83. വാണിജ്യ ബാങ്കുകൾ സ്വീകരിക്കുന്ന വിവിധതരം നിക്ഷേപങ്ങളെക്കുറിച്ച് വിവരിക്കുക?

84. തെക്ക് പടിഞ്ഞാറ് ദിശയിൽ വീശുന്ന മൺസൂൺ കാറ്റിനെ ഇന്ത്യൻ ഉപദ്വീപ് ഏതെല്ലാം ശാഖകളായി വേർതിരിക്കുന്നു?

ഇവ ഇന്ത്യയുടെ കാലാവസ്ഥയിൽ ചെലുത്തുന്ന സ്വാധീനങ്ങൾ എന്തൊക്കെയാണ്?

85. രാഷ്ട്രരൂപീകരണ സിദ്ധാന്തങ്ങൾ ഏതൊക്കെയാണ്? ഇതിൽ ഏതെങ്കിലും 2 എണ്ണത്തെക്കുറിച്ച് വിശദമാക്കുക?

86. കേരളത്തിൽ സാമൂഹിക അസമത്വങ്ങൾക്കെതിരെ നടന്ന സമരങ്ങളെക്കുറിച്ച് ചുരുക്കി എഴുതുക.

* ചാന്നാർ ലഹള
* ഗുരുവായൂർ സത്യാഗ്രഹം
* വൈക്കം സത്യാഗ്രഹം

87. രണ്ടാം ലോകയുദ്ധത്തിന്റെ കാരണങ്ങളും ഫലങ്ങളും വിശദീകരിക്കുക?

88. ഭൂവിവര വ്യവസ്ഥ എന്നാലെന്ത്? ഇതിന്റെ പ്രയോജനങ്ങൾ എന്തെല്ലാം?

89. ഇന്ത്യൻ വിദ്യാഭ്യാസത്തെക്കുറിച്ച് പഠിക്കുന്നതിനും ശുപാർശകൾ സമർപ്പിക്കുന്ന തിനുമായി നിയമിക്കപ്പെട്ട കമ്മീഷനുകൾ ഏതെല്ലാം?

കമ്മീഷനുകളുടെ പ്രധാന ശുപാർശകൾ എന്തെല്ലാം?

90. പൗരബോധം വളർത്തുന്നതിൽ താഴെപ്പറയുന്ന ഘടകങ്ങൾ വഹിക്കുന്ന പങ്ക് വിശദമാക്കുക.?

* കുടുംബം
* വിദ്യാഭ്യാസം
* ജനാധിപത്യവ്യവസ്ഥ

91. ഉപഭോക്തൃ സംരക്ഷണത്തിനായി നിലവിലുള്ള ഭരണ സംവിധാനങ്ങളും അവയുടെ പ്രവർത്തനങ്ങളും പട്ടികപ്പെടുത്തുക.

92. താഴെ നൽകിയിരിക്കുന്ന ഭക്ഷ്യവിളകളുടെ കൃഷിക്കനുയോജ്യമായ ഭൂമിശാസ്ത്ര ഘടകങ്ങളെക്കുറിച്ച് എഴുതുക.

(1) നെല്ല്  (2) ചോളം  (3) ഗോതമ്പ്

93. ബ്രിട്ടീഷുകാർ ഇന്ത്യയിൽ നടപ്പിലാക്കിയ ഭൂനികുതി വ്യവസ്ഥകളേവ? ഇവയുടെ സവിശേഷതകൾ എഴുതുക?

94. കാറ്റിന്റെ വേഗതയെയും ദിശയെയും സ്വാധീനിക്കുന്ന ഘടകങ്ങളെക്കുറിച്ച് വിശദീകരിക്കുക.

95. ഇന്ത്യൻ സമൂഹത്തിൽ അടിസ്ഥാനപരമായ മാറ്റങ്ങൾ ഉണ്ടാക്കുന്നതിന് സാമൂഹിക പരിഷ്ക്കർത്താക്കൾ മുന്നോട്ടുവച്ച ആവശ്യങ്ങൾ എന്തൊക്കെയാണ്?

ഇവരുടെ പ്രവർത്തന ഫലമായി നിയമം മൂലം നിരോധിക്കപ്പെട്ട ഏതെങ്കിലും മൂന്ന് അനാചാരങ്ങൾ എഴുതുക?

96. സാമ്രാജ്യത്വം എന്നാലെന്ത്? ഇത് കോളനികളെ എങ്ങനെയെല്ലാമാണ് ബാധിച്ചത്?

97. ബഹിരാകാശ ഗവേഷണം, നാട്ടുരാജ്യങ്ങളുടെ സംയോജനം എന്നീ മേഖലകളിൽ സ്വതന്ത്ര ഇന്ത്യ നടത്തിയ ഇടപെടലുകൾ വിശദമാക്കുക?

98. ഫാഷിസത്തിന്റെ സവിശേഷതകളെക്കുറിച്ച് വിവരിക്കുക.

99. ഭൂസ്ഥിര, സൗരസ്ഥിര ഉപഗ്രഹങ്ങളുടെ സവിശേഷതകൾ താരതമ്യം ചെയ്യുക?

100. താഴെ നൽകിയിരിക്കുന്ന സൂചകങ്ങളുടെ അടിസ്ഥാനത്തിൽ ഫ്രഞ്ചു വിപ്ലവത്തെക്കുറിച്ച് വിശദമാക്കുക.

* വിപ്ലവത്തിലേക്ക് നയിച്ച സാഹചര്യങ്ങൾ
* ഫ്രഞ്ചു വിപ്ലവത്തിന്റെ സ്വാധീനം

101. ഗാന്ധിജിയുടെ നേതൃത്വത്തിൽ നടന്ന ദേശീയ സമരങ്ങളെക്കുറിച്ച് വിവരിക്കുക?

1) നിസ്സഹകരണ സമരം
2) സിവിൽ നിയമലംഘന സമരം

102. ആഗോളമർദ്ദ മേഖലകളുടെ അടിസ്ഥാനത്തിൽ താഴെ നൽകിയിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക?

* ആഗോളമർദ്ദ മേഖലകൾ ഏതെല്ലാം?
* ആഗോളമർദ്ദ മേഖലകളുടെ രൂപീകരണത്തിന്റെ അടിസ്ഥാന കാരണങ്ങൾ ഏതൊക്കെ?
* ഏതെങ്കിലും ഒരു ആഗോളമർദ്ദ മേഖല രൂപപ്പെടുന്ന സാഹചര്യം വിശദമാക്കുക.

103. ഗാന്ധിജിയുടെ നേതൃത്വത്തിൽ നടന്ന ദേശീയ സമരങ്ങളെക്കുറിച്ച് വിശദീകരിക്കുക.

* നിസ്സഹകരണ സമരം
* സിവിൽ നിയമ ലംഘന സമരം

104. റഷ്യൻ വിപ്ലവത്തെക്കുറിച്ച് താഴെ നൽകിയിരിക്കുന്ന സൂചനകളുടെ അടിസ്ഥാനത്തിൽ വിവരിക്കുക.

* ഫെബ്രുവരി വിപ്ലവം
* ഒക്ടോബർ വിപ്ലവം

105. ഗ്രീനിച്ച് രേഖ, അന്താരാഷ്ട്ര ദിനാങ്ക രേഖ, ഇന്ത്യയുടെ മാനക രേഖാംശം എന്നിവയുടെ സവിശേഷതകൾ പട്ടികപ്പെടുത്തുക.

* ഗ്രീനിച്ച് സമയം ഉച്ചയ്ക്ക് 2 മണി ആകുമ്പോൾ ഇന്ത്യയുടെ മാനക രേഖാംശത്തിലെ സമയം കണക്കാക്കുക.

# SOCIAL SCIENCE - MALAYALAM MEDIUM

## Answer Keys

### 1 മാർക്കിന്റെ ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങൾ

1. ഡി.കെ. കാർവെ
2. കാരക്കോറം
3. ലാറ്ററൈറ്റ് മണ്ണ്
4. ഭൂമിയുടെ ഭ്രമണം
5. ഈസ്റ്റിങ്സ്
6. ജോൺ ലോക്ക്
7. ചിനുക്ക്
8. വിനോദ നികുതി
9. ഝാറിയ
10. ജലാശയങ്ങൾ
1. ഗോദാവരി
12. സർവ്വെ ഓഫ് ഇന്ത്യ
13. പൂജ്യം ഡിഗ്രി രേഖാംശ രേഖ
14. ബൽഗ്രേഡ്
15. INSAT
16. ഹൈദരാബാദ്
17. മുംബൈ
18. $66\frac{1}{2}^0$
19. കോണ്ടൂർ ഇടവേള
20. ആയുർദൈർഘ്യം
21. ശൈത്യ അയനാന്ത ദിനം

22. ജർമ്മനി

23. മധ്യരേഖ ന്യൂനമർദ്ദ മേഖല

24. ഖാരിഫ്

25. ഓവർലേ വിശകലനം

26. യോഗക്ഷേമ സഭ

27. തമിഴ്നാട്

28. സൗരസ്ഥിര ഉപഗ്രഹങ്ങൾ

29. ലൂ

30. സഹകരണ ബാങ്ക്

## 2 മാർക്കിന്റെ ചോദ്യങ്ങളുടെ ഉത്തരങ്ങൾ

31. * ബ്രിട്ടീഷുകാർ അമിത നികുതി ചുമത്തിയത്.
    * നികുതി പണമായി അടയ്ക്കാൻ നിർബന്ധിച്ചത്.
    * നികുതി അടയ്ക്കാൻ കഴിയാത്തവരുടെ കൃഷിഭൂമി ബ്രിട്ടീഷുകാർ പിടിച്ചെടുത്തത്

    (ഏതെങ്കിലും രണ്ടെണ്ണം)

32. * മുതിർന്നവരെ ബഹുമാനിക്കാനും സമൂഹസേവനത്തിലേർപ്പെടാനും പഠിക്കുന്നു.
    * അംഗങ്ങളിൽ കർത്തവ്യബോധം വളർത്തുന്നു.
    * കുടുംബത്തിൽ നിന്നുള്ള പ്രചോദനവും പ്രോത്സാഹനവും ഉന്നതമായ പൗരബോധം വളർത്തുന്നു.
    * ഓരോ വ്യക്തിയും കുടുംബത്തിന് വേണ്ടിയും കുടുംബം സമൂഹത്തിനു വേണ്ടിയാണെന്നുമുള്ള ബോധ്യമുണ്ടാക്കുന്നു.

    (ഏതെങ്കിലും രണ്ടെണ്ണം)

33. വ്യക്തിഗത ആദായ നികുതി

    കോർപ്പറേറ്റ് നികുതി

34. ഭക്ഷ്യസുരക്ഷ വകുപ്പ് - ഭക്ഷ്യവസ്തുക്കളുടെ ഗുണമേന്മ ഉറപ്പുവരുത്തുന്നു.

    ലീഗൽ മെട്രോളജി വകുപ്പ് - അളവ് - തൂക്ക നിലവാരം ഉറപ്പുവരുത്തുന്നു.

35. അക്ഷാംശീയ സ്ഥാനം

    ഭൂപ്രകൃതി

    സമുദ്രസാമീപ്യം

സമുദ്ര നിരപ്പിൽ നിന്നുള്ള ഉയരം

(ഏതെങ്കിലും രണ്ടെണ്ണം)

36. * ഭൂപ്രദേശത്തിന്റെ ഉയരം

* ചരിവിന്റെ അളവ്

* ഭൂരൂപത്തിന്റെ ആകൃതി

(ഏതെങ്കിലും രണ്ടെണ്ണം)

37. ലൂ, മാംഗോഷവർ, കാൽബൈശാഖി

(ഏതെങ്കിലും രണ്ടെണ്ണം)

38. * ഇന്ത്യൻ സമൂഹത്തിൽ നിലനിൽക്കുന്ന വിവിധ അനാചാരങ്ങളെ എതിർക്കുക.

* എല്ലാ മനുഷ്യർക്കും വിവേചനങ്ങളില്ലാതെ വഴി നടക്കാനും വസ്ത്രം ധരിക്കാനും വിദ്യാഭ്യാസം നേടാനുമുള്ള പൗരാവകാശങ്ങൾ നേടിയെടുക്കുക.

39. ⇨ ഓരോരുത്തരും അവരവരുടെ പ്രവർത്തനങ്ങളെ വിമർശനാത്മകമായി വിലയിരുത്തുന്നു

⇨ പൊതു താത്പര്യങ്ങൾ ഹനിക്കാതെ സ്വന്തം താത്പര്യങ്ങൾക്കുവേണ്ടി പരിശ്രമിക്കുക.

⇨ മറ്റുള്ളവരിൽ നിന്ന് പ്രതീക്ഷിക്കുന്ന മാറ്റങ്ങൾ നമ്മളിൽ നിന്നും തുടങ്ങുക.

⇨ ജനാധിപത്യത്തിലും സഹിഷ്ണുതയിലും അധിഷ്ഠിതമായി പ്രവർത്തിക്കുക

⇨ അവകാശങ്ങൾക്കൊപ്പം ചുമതലകൾക്കും തുല്യ പരിഗണന കൊടുക്കുക.

(ഏതെങ്കിലും 2 എണ്ണം എഴുതുക)

40. ⇨ 6 വയസ്സുവരെയുള്ള ശിശുക്കളുടെ സമഗ്ര വികസനം

⇨ ഗർഭിണികളുടെയും മുലയൂട്ടുന്ന അമ്മമാരുടെയും ആരോഗ്യപരിപാലനം

41. ⇨ ജീവനും സ്വത്തിനും ഹാനികരമാകുന്ന സാധനങ്ങൾ വിപണനം ചെയ്യുന്നതിൽ നിന്ന് സംരക്ഷണം ലഭിക്കുന്നതിനുള്ള അവകാശം.

⇨ സാധനങ്ങളുടെയും സേവനങ്ങളുടെയും ഗുണമേന്മ സംബന്ധിച്ച വിവരങ്ങൾ ലഭിക്കുന്നതിനുള്ള അവകാശം.

⇨ ന്യായവിലയ്ക്ക് സാധനവും സേവനവും ലഭിക്കാനുള്ള അവകാശം

⇨ അധികാരികളുടെ മുമ്പിൽ തർക്കങ്ങൾക്കു പരിഹാരം തേടാനുള്ള അവകാശം.

⇨ ഉപഭോക്തൃ വിദ്യാഭ്യാസം ലഭിക്കാനുള്ള അവകാശം

(ഏതെങ്കിലും 2 എണ്ണം എഴുതുക)

42. ⇨ ശാശ്വത ഭൂനികുതി വ്യവസ്ഥയിൽ ഒരു പ്രദേശത്തെ നികുതി പിരിച്ചെടുത്തിരുന്നത് സെമിന്ദാർ ആയിരുന്നു.

⇨ സെമീന്ദാർ ഭൂവുടമകളായതോടെ യഥാർത്ഥ കർഷകർ കുടിയാന്മാരായി മാറി.

⇨ വിളവിന്റെ 60% വരെ കർഷകർ നികുതിയായി നൽകണമെന്നായിരുന്നു.

⇨ വിളവ് മോശമായാലും നികുതി നൽകണമായിരുന്നു.

⇨ നിശ്ചിത തീയ്യതികളിൽ നികുതി പണമായി നൽകണമായിരുന്നു.

(ഏതെങ്കിലും 2 എണ്ണം എഴുതുക)

43. ⇨ $180^0$ രേഖാംശ രേഖ

⇨ കര ഭാഗം പൂർണ്ണമായി ഒഴിവാക്കിയിരുന്നു.

⇨ പസഫിക് സമുദ്രത്തിൽ ബെറിങ് കടലിടുക്കിലൂടെ തെക്കോട്ട് ചില ദ്വീപുകളെ ഒഴിവാക്കിയിരുന്നു.

⇨ ഈ രേഖ മുറിച്ചു കടന്ന് പടിഞ്ഞാറോട്ട് പോകുമ്പോൾ ഒരു ദിവസം ലഭിക്കുന്നു.

(ഏതെങ്കിലും 2 എണ്ണം എഴുതുക)

44. ⇨ സൂര്യൻ ഉത്തരാർധ ഗോളത്തിലായിരിക്കുമ്പോൾ

⇨ സൂര്യൻ ദക്ഷിണാർധ ഗോളത്തിലായിരിക്കുമ്പോൾ

45. ചുവന്ന മണ്ണ്

ലാറ്ററൈറ്റ് മണ്ണ്

കറുത്ത പരുത്തി മണ്ണ്

(ഏതെങ്കിലും 2 എണ്ണം എഴുതുക)

46. ⇨ ജാതിവ്യവസ്ഥയെ എതിർത്തു

⇨ സതി എതിർത്തു

⇨ ബ്രഹ്മസമാജം സ്ഥാപിച്ചു

⇨ സ്ത്രീകളുടെ പദവി ഉയർത്തുന്നതിനായി പരിശ്രമിച്ചു.

(ഏതെങ്കിലും 2 എണ്ണം എഴുതുക)

47. 
- ഹിമാചലിനു തെക്ക് ഭാഗത്തായി സ്ഥിതിചെയ്യുന്നു.
- ശരാശരി 1220 മീറ്റർ
- പലയിടത്തും തുടർച്ച നഷ്ടപ്പെടുന്ന പർവ്വതങ്ങൾ

- ഡ്യൂണുകൾ കാണപ്പെടുന്നു.

(ഏതെങ്കിലും രണ്ട് എണ്ണം)

48.
- വീട്ടിൽ നിന്നും തന്നെ ലോകത്തെവിടെയും പണം അയക്കാനും ബില്ലുകൾ അടക്കാനും കഴിയും.
- കുറഞ്ഞ സമയം മതിയാവും.
- സർവ്വീസ് ചാർജ്ജ് കുറവാണ്

(ഏതെങ്കിലും 2 എണ്ണം)

49.
- നികുതി വരുമാനം
- നികുതിയേതര വരുമാനം

50.
- ദേശീയ തലത്തിൽ തിരഞ്ഞെടുക്കുന്നു.
- കേന്ദ്ര സർവ്വീസിലോ സംസ്ഥാന സർവ്വീസിലോ നിയമിക്കപ്പെടുന്നു.
- ഉദാ:- ഐ.എ.എസ്, ഇന്ത്യൻ പോലീസ് സർവ്വീസ്

51.
- സഞ്ചാര സ്വാതന്ത്ര്യത്തിനുവേണ്ടി നടന്നത്
- ടി.കെ. മാധവൻ നേതൃത്വം നൽകി
- മന്നത്ത് പത്മനാഭൻ സവർണ്ണജാഥ നടത്തി അനുഭാവം പ്രകടിപ്പിച്ചു.
- വൈക്കം ക്ഷേത്രത്തിനു ചുറ്റിലുമുള്ള പൊതുനിരത്തിലൂടെ യാത്ര ചെയ്യാൻ അവർണ്ണ ജാതിക്കാർക്ക് അവസരം ലഭിച്ചു. (ഏതെങ്കിലും 2 എണ്ണം)

52.
- ഭൂപടത്തിന്റെ നമ്പർ
- അക്ഷാംശ രേഖാംശ സ്ഥാനം
- ഭൂപടത്തിന്റെ തോത്
- കോണ്ടൂർ ഇടവേള
- സർവ്വേ ചെയ്ത വർഷം
- പ്രസിദ്ധീകരിച്ച വർഷം
- സർവ്വേ ചെയ്ത വ്യക്തിയുടെ പേര് (ഏതെങ്കിലും 2 എണ്ണം)

53.
- രണ്ടായി തിരിക്കാം
- പരോക്ഷ വിദൂര സംവേദനം
- പ്രത്യക്ഷ വിദൂര സംവേദനം

54
- ഫസൽ അലി (അധ്യക്ഷൻ)
- എച്ച്.എൻ. കുൻസ്രു
- കെ.എം. പണിക്കർ (രണ്ട് പേരുകൾ എഴുതുക)

## 4 മാർക്കിന്റെ ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങൾ

55. * നോട്ട് അച്ചടിച്ചിറക്കൽ
    * വായ്പ നിയന്ത്രിക്കൽ
    * സർക്കാരിന്റെ ബാങ്ക്
    * ബാങ്കുകളുടെ ബാങ്ക്


56. IST

    * ഇന്ത്യയുടെ മാനകരേഖാംശ രേഖയായി കണക്കാക്കുന്നത് $82\frac{1}{2}^0$E രഖാംശരേഖയാണ്.
    * ഈ മാനകരേഖാംശത്തിലെ സമയമാണ് ഇന്ത്യയുടെ സ്റ്റാൻഡേർഡ് സമയമായി കണക്കാക്കുന്നത്.

    GMT

    * $0^0$ രേഖാംശരേഖയാണ് ഗ്രീനിച്ച് രേഖ.
    * ഈ രേഖാംശത്തെ അടിസ്ഥാനമാക്കിയാണ് ലോകത്തെല്ലായിടത്തും സമയം കണക്കാക്കുന്നത്.
    * ഈ രേഖ പ്രൈം മെറിഡീയൻ എന്നറിയപ്പെടുന്നു.

57 ഭൂപടത്തിൽ അടയാളപ്പെടുത്തൽ



58. * ശ്രേണീപരമായ സംഘാടനം
* സ്ഥിരത
* യോഗ്യത അടിസ്ഥാനമാക്കി നിയമനം
* രാഷ്ട്രീയ നിഷ്പക്ഷത
* വൈദഗ്ദ്യം

59. 6120 – കിണർ
6219 – കോട്ട

60. * സമീപ പ്രദേശങ്ങളിൽ നിന്ന് അസംസ്കൃത വസ്തുക്കളുടെ ലഭ്യത
* കുറഞ്ഞ നിരക്കിൽ ഊർജലഭ്യത
* കയറ്റിറക്കുമതി സാധ്യതകൾ
* ശുദ്ധജല ലഭ്യത
* മനുഷ്യവിഭവ ലഭ്യത (ഏതെങ്കിലും 4 എണ്ണം)

61 4. ആര്യസമാജം – സ്വാമി ദയാനന്ദ സരസ്വതി
2. സത്യശോധക് സമാജം – ജ്യോതിബാ ഫുലെ
3. അലിഗഡ് പ്രസ്ഥാനം – സർ സയ്യദ് അഹമ്മദ് ഖാൻ
1. രാമകൃഷ്ണമിഷൻ – സ്വാമി വിവേകാനന്ദൻ

62. ⇨ പങ്കാളിത്ത നിരീക്ഷണം – പഠന മേഖലയിൽ നിന്ന് നേരിട്ട് വിവരം ശേഖരിക്കുന്നു.
⇨ അവരോടൊപ്പം താമസിച്ച് നേരിട്ട് മനസ്സിലാക്കുന്നു.
⇨ പ്രകടമല്ലാത്ത പെരുമാറ്റ രീതികൾ മനസ്സിലാക്കുന്നു.
⇨ പങ്കാളിത്ത രഹിത നിരീക്ഷണം
⇨ പുറത്ത് നിന്ന് നിരീക്ഷണം നടത്തുന്നു.
⇨ സമൂഹശാസ്ത്രജ്ഞൻ പഠനസംഘത്തിൽ താമസിച്ച് പഠനം നടത്തുന്നില്ല,.

63. ⇨ ഗവൺമെന്റ് നയങ്ങൾ രൂപപ്പെടുത്തുന്നു.
⇨ സാധനങ്ങളും സേവനങ്ങളും ലഭ്യമാക്കുന്നു.
⇨ ജനക്ഷേമം ഉറപ്പാക്കുന്നു.
⇨ ജനകീയ പ്രശ്നങ്ങൾക്ക് പരിഹാരമാക്കുന്നു.

64. GST - ചരക്കുസേവന നികുതി

IGST - അന്തർസംസ്ഥാന ക്രയവിക്രയങ്ങളുടെ മേൽ ഗവൺമെന്റ് ചുമത്തുന്നു.

CGST - കേന്ദ്ര ഗവൺമെന്റ് ചുമത്തുന്നു.

SGST - സംസ്ഥാന ഗവൺമെന്റ് ചുമത്തുന്നു.

65.

1. കർഷകർ ഭൂവുടമകളായി
2. ഗതാഗത സൗകര്യത്തിനായി നിരവധി റോഡുകൾ നിർമ്മിച്ചു.
3. 'ബാങ്ക് ഓഫ് ഫ്രാൻസ്' സ്ഥാപിച്ചു.
4. കടബാധ്യത ഒഴിവാക്കാനായി സിങ്കിംഗ് ഫണ്ട് സ്ഥാപിച്ചു.

66. * ദശലക്ഷക്കണക്കിന് ആളുകളുടെ ജീവൻ നഷ്ടപ്പെടുകയും പരിക്കേൽക്കുകയും ചെയ്തു.

* കൃഷി, വ്യവസായം, വാർത്താവിനിമയം എന്നിവ തകർക്കപ്പെട്ടു.
* ദാരിദ്ര്യം, തൊഴിലില്ലായ്മ, പണപ്പെരുപ്പം എന്നിവ വർദ്ധിച്ചു.
* യൂറോപ്പിന്റെ സാമ്പത്തിക മേധാവിത്വം ഇല്ലാതായി.

67. പാരമ്പര്യ ഊർജ്ജസ്രോതസ്സുകൾ – പെട്രോളിയം – കൽക്കരി

പാരമ്പര്യേതര ഊർജ്ജസ്രോതസ്സുകൾ – ജൈവവാതകം – സൗരോർജ്ജം

68. സാന്താൾ കലാപം – രാജ്മഹൽ കുന്നുകൾ

മാപ്പിള കലാപം – മലബാർ

ചോർച്ച സിദ്ധാന്തം – ദാദാഭായ് നവറോജി

ഇന്ത്യൻ അസ്വസ്ഥതയുടെ പിതാവ് – ബാലഗംഗാധര തിലകൻ

69. * സാധനങ്ങൾ വാങ്ങിയ ശേഷം ബിൽ ചോദിച്ചുവാങ്ങുക.

* അളവുതൂക്കം കൃത്യമാണെന്ന് ഉറപ്പുവരുത്തുക.
* പാക്ക് ചെയ്ത സാധനങ്ങൾ വാങ്ങുമ്പോൾ പേര്, ഉണ്ടാക്കിയ തീയ്യതി, അവസാന തീയ്യതി, വില, നിർമ്മാതാക്കൾ, വിതരണക്കാർ എന്നിവരുടെ അഡ്രസ്, തൂക്കം എന്നിവ പരിശോധിക്കുക.
* സാധനത്തിന്റെ ഗുണനിലവാരം സൂചിപ്പിക്കുന്ന അടയാളങ്ങൾ ശ്രദ്ധിക്കുക.

70. നിർബന്ധിത ചുമതല - രാഷ്ട്രം എല്ലാ കാലത്തും നിർബന്ധമായും നിർവ്വഹിക്കേണ്ട ചുമതലകളാണ്.

- ഈ ചുമതലയിൽ നിന്ന് രാഷ്ട്രത്തിന് മാറി നിൽക്കാനാവില്ല.
- ചുമതലകൾ നിർവ്വഹിക്കാത്ത പക്ഷം ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം ഉണ്ടാവുകയില്ല.
- വിവേചനപരമായ ചുമതല - രാഷ്ട്രത്തിന്റെ സാമ്പത്തിക സ്ഥിതിക്കനുസരിച്ച് നിർവ്വഹിക്കേണ്ട ചുമതലകൾ.

  ഉദാ: അതിർത്തി സംരക്ഷണം, ആഭ്യന്തര സമാധാനം, അവകാശ സംരക്ഷണം, നീതി നടപ്പാക്കൽ.
- രാഷ്ട്രത്തിന്റെ വിവേചനപരമായ ചുമതലകളുടെ പരിധി നിശ്ചയിക്കുക സാധ്യമല്ല.

  ഉദാ:- ആരോഗ്യ സംരക്ഷണം, വിദ്യാഭ്യാസം, ക്ഷേമ പദ്ധതി, ഗതാഗത സൗകര്യം ഒരുക്കുക.

  (രണ്ടെണ്ണം വീതം എഴുതുക)

71. വിദ്യാഭ്യാസം ⟶ വ്യക്തികളുടെ കഴിവ് മെച്ചപ്പെടുത്തുന്നു ⟶ സാങ്കേതിക വിദ്യകൾ ഉപയോഗിക്കാനുള്ള അറിവ് ലഭിക്കുന്നു. ⟶ മെച്ചപ്പെട്ട തൊഴിലും വരുമാനവും നേടാനാവുന്നു. ⟶ ജീവിത നിലവാരം ഉയരുന്നു.

ആരോഗ്യമുള്ള വ്യക്തി ⟶ തൊഴിൽ ദിനങ്ങളുടെ എണ്ണം വർദ്ധിക്കുന്നു ⟶ ഉല്പാദനം കൂടുന്നു ⟶ പ്രകൃതി വിഭവങ്ങൾ ശരിയായി വിനിയോഗിക്കാൻ കഴിയുന്നു ⟶ ചികിത്സ ചെലവ് കുറയുന്നു - ഉല്പാദന വർധനവിലൂടെ സാമ്പത്തിക നേട്ടം കൈവരിക്കാം.

72. 1. ബ്രിട്ടീഷ് സർക്കാർ ചുമത്തിയ നികുതികളിൽ $\frac{2}{5}$ ഭാഗവും ഉപ്പുനികുതി ആയിരുന്നു.
2. പാവപ്പെട്ടവർക്ക് ഇത് താങ്ങാൻ പറ്റാത്ത ഭാരമായിരുന്നു.
3. ചെറുകിട ഉപ്പുനിർമ്മാണം ബ്രിട്ടീഷുകാർ വിലക്കേർപ്പെടുത്തി.
4. ഉപ്പിന്റെ വില മൂന്നുമടങ്ങായി വർദ്ധിച്ചു.

73. 1. ഓരോരുത്തരും സ്വന്തം പ്രവൃത്തികളെ വിമർശനാത്മകമായി വിലയിരുത്തുക.
2. മറ്റുള്ളവരിൽ നിന്ന് നാം പ്രതീക്ഷിക്കുന്ന മാറ്റങ്ങൾ നമ്മളിൽ ആദ്യം വരുത്തുക.
3. അവകാശങ്ങൾക്കും കടമകൾക്കും തുല്ല്യ പരിഗണന നൽകുക.
4. വ്യക്തികൾ ജനാധിപത്യപരമായും സഹിഷ്ണുതയോടും കൂടി പ്രവർത്തിക്കുക.

74. ➢ വിമാനത്തിനുണ്ടാകുന്ന കുലുക്കം ചിത്രങ്ങളുടെ ഗുണമേന്മയെ ബാധിക്കുന്നു.

➢ വിസ്തൃതമായ പ്രദേശങ്ങളുടെ ചിത്രീകരണം പ്രായോഗികമല്ല.

➢ വിമാനത്തിന് പറന്നുയരാനും ഇറങ്ങാനും തുറസ്സായ സ്ഥലം ആവശ്യമാണ്.

➢ ഇന്ധനം നിറയ്ക്കുന്നതിന് വിമാനം ഇടയ്ക്കിടെ നിലത്തിറക്കുന്നത് ചെലവ് വർദ്ധിപ്പിക്കുന്നു.

75.

| എ | ബി |
|---|---|
| * ഹോമിജഹാംഗീർ ഭാഭ | ഇന്ത്യൻ ആണവോർജ്ജ കമ്മീഷൻ |
| * എച്ച്.എൻ. കുൺസ്രു | സംസ്ഥാന പുനഃസംഘടന കമ്മീഷൻ |
| * പോട്ടി ശ്രീരാമലു | ആധ്രാ സംസ്ഥാന രൂപീകരണം |
| * ഡോ. രാജേന്ദ്ര പ്രസാദ് | ഭരണഘടന നിർമ്മാണ സഭ |

## 6 മാർക്കിന്റെ ചോദ്യങ്ങളുടെ ഉത്തരങ്ങൾ

76. * വക്കീലന്മാർ കോടതി ബഹിഷ്കരിക്കുക.

നികുതി നൽകാതിരിക്കുക

വിദേശ വസ്തുക്കൾ ബഹിഷ്കരിക്കുക

തെരഞ്ഞെടുപ്പുകൾ ബഹിഷ്കരിക്കുക

ബ്രിട്ടീഷ് പുരസ്കാരങ്ങൾ തിരികെ നൽകുക

വിദ്യാർത്ഥികൾ ഇംഗ്ലീഷ് വിദ്യാലയങ്ങൾ ബഹിഷ്കരിക്കുക (ഏതെങ്കിലും 4 എണ്ണം)

**നിർമ്മാണ പ്രവർത്തനങ്ങൾ**

* ചർക്കയിൽ നൂൽനൂറ്റ് ഖാദി വസ്ത്രങ്ങൾ നെയ്തു

ദേശീയ വിദ്യാലയങ്ങൾ ആരംഭിച്ചു.

ഹിന്ദി പ്രചരിപ്പിച്ചു.

അയിത്തോച്ചാടന പ്രവർത്തനങ്ങളിലേർപ്പെട്ടു. (ഏതെങ്കിലും 2 എണ്ണം)

**77.** മാതൃരാജ്യമായ ഇംഗ്ലണ്ടിന്റെ സഹായത്താൽ ബ്രിട്ടീഷ് കച്ചവടക്കാർ അമേരിക്കൻ കോളനികളിൽ നടപ്പിലാക്കിയ വ്യാപാര നിയമങ്ങളാണ് മർക്കന്റലിസ്റ്റ് നിയമങ്ങൾ.

മർക്കന്റലിസ്റ്റ് നിയമങ്ങൾ എഴുതുക.

78. ജൂൺ 21 - സൂര്യൻ ഉത്തരായന രേഖയുടെ നേർമുകളിൽ

- ഗ്രീഷ്മ അയനാന്തദിനം
- ഉത്തരാർധ ഗോളത്തിലെ ദൈർഘ്യമേറിയ പകൽ.

ഡിസംബർ 22 - ഭൂമധ്യരേഖയിൽ നിന്ന് ദക്ഷിണാർധ ഗോളത്തിലേക്ക് സൂര്യൻ അയനം ചെയ്യുന്നു.

- ഡിസംബർ 22 ന് ദക്ഷിണായന രേഖയുടെ നേർമുകളിൽ.
- ശൈത്യ അയനാന്ത ദിനം

മാർച്ച് 21 - സൂര്യന്റെ സ്ഥാനം ഭൂമധ്യരേഖയുടെ നേർ മുകളിലാവുന്നു.

- സമരാത്ര ദിനം

(ഏതെങ്കിലും 6 പോയിന്റ്)

79. വിദ്യാഭ്യാസം

↓

വ്യക്തിയുടെ കഴിവ് മെച്ചപ്പെടുത്തുന്നു

↓

സാങ്കേതിക വിദ്യകൾ ഉപയോഗിക്കാനുള്ള അറിവ് നേടുന്നു

↓

മെച്ചപ്പെട്ട തൊഴിലും വരുമാനവും നേടാനാവുന്നു.

↓

ജീവിത നിലവാരം ഉയരുന്നു

ആരോഗ്യ പരിപാലനം

* തൊഴിൽ ദിനങ്ങളുടെ എണ്ണം വർദ്ധിക്കുന്നു.
* പ്രകൃതി വിഭവങ്ങൾ ശരിയായി വിനിയോഗിക്കാൻ സാധിക്കും.
* ചികിത്സാ ചെലവ് കുറക്കാൻ സാധിക്കും.

80.
* കമ്മ്യൂണിസ്റ്റ് നയങ്ങൾ
* ചിയാങ് കൈ ഷക്കിന്റെ ഏകാധിപത്യപരമായ നിലപാട്
* മാവോസെതുങ്
* ലോങ്മാർച്ച്

* ചുവപ്പ് സേന
* ജനകീയ റിപ്പബ്ലിക്

81. * അന്തരീക്ഷ വായു ചെലുത്തുന്ന മർദ്ദമാണ് അന്തരീക്ഷ മർദ്ദം.
    * രസബാരോമീറ്റർ
    * താപം കൂടുമ്പോൾ അന്തരീക്ഷ മർദ്ദം കുറയുന്നു.
    * ഉയരം കൂടുമ്പോൾ അന്തരീക്ഷ മർദ്ദം കുറയുന്നു.

82. **കേരളത്തിലെ ദേശീയ പ്രസ്ഥാനം**

**മലബാർ**

* മലബാർ ജില്ലാ കോൺഗ്രസ്സ് പ്രഥമ സമ്മേളനം 1916 പാലക്കാട് വച്ച്
* മലബാർ കലാപം 1921
* ഖിലാഫത്ത് പ്രസ്ഥാനം
* ഗാന്ധിജിയും ഷൗക്കത്തലിയും കേരളത്തിലെത്തി - 1920
* 1930 നിയമലംഘന പ്രസ്ഥാനം - കെ. കേളപ്പൻ, മുഹമ്മദ് അബ്ദുൽ റഹിമാൻ
* ക്വിറ്റ് ഇന്ത്യ സമരം - കിഴരിയൂർ ബോംബ് കേസ്

**കൊച്ചി**

* ഇലക്ട്രിസിറ്റി സമരം

**തിരുവിതാംകൂർ**

* മലയാളി മെമ്മോറിയൽ ⟶ ഈഴവ മെമ്മോറിയൽ ⟶ നിവർത്തന പ്രക്ഷോഭം ⟶ പുനപ്ര വയലാർ സമരം.

83. സമ്പാദ്യ നിക്ഷേപം - കുറഞ്ഞ പലിശ നൽകുന്നു.

- നിയന്ത്രണങ്ങൾക്കു വിധേയമായി പണം പിൻവലിക്കാൻ അവസരമുണ്ട്.

- പാസ്ബുക്കിൽ രേഖപ്പെടുത്തുന്നു.

പ്രചലിത നിക്ഷേപം - ഒരു ദിവസം തന്നെ ധാരാളം പ്രാവശ്യം പണം നിക്ഷേപിക്കാനും പിൻവലിക്കാനും സാധിക്കുന്നു.

സ്ഥിരനിക്ഷേപം - നിശ്ചിത കാലയളവിലേക്ക് നിക്ഷേപിക്കുന്നു.

ആവർത്തിത നിക്ഷേപം - ഒരു നിശ്ചിത തുക വീതം ഒരു പ്രത്യേക കാലയളവിലേക്ക് എല്ലാ മാസവും നിക്ഷേപിക്കുന്നു.

84. a) അറബിക്കടൽ ശാഖ

b) ബംഗാൾ ഉൾക്കടൽ ശാഖ

**a)** ⇨ ജൂൺ ആരംഭത്തോടെ കേരളത്തിലെത്തുന്നു.

⇨ വ്യാപകമായി മഴ കേരളത്തിൽ ലഭിക്കുന്നു.

⇨ കർണ്ണാടക, ഗോവ, മഹാരാഷ്ട്ര, ഗുജറാത്ത് എന്നിവിടങ്ങളിൽ മഴ പെയ്യിക്കുന്നു.

**b)** ⇨ ബംഗാൾ ഉൾക്കടലിൽ നിന്നും ഈർപ്പം വലിക്കുന്നു.

⇨ സുന്ദര വനം ഡെൽറ്റ പിന്നീട് പശ്ചിമ ബംഗാളിൽ പ്രവേശിക്കുന്നു.

⇨ ബീഹാർ, ഉത്തർപ്രദേശ്, പഞ്ചാബ് എന്നിവിടങ്ങളിലും ഹിമാലയത്തിന്റെ അടിവാരത്തും മഴ പെയ്യിക്കുന്നു.

85. ⇨ ദൈവദത്ത സിദ്ധാന്തം - രാഷ്ട്രം ദൈവസൃഷ്ടിയാണ്.

⇨ പരിണാമ സിദ്ധാന്തം - ചരിത്ര സൃഷ്ടിയാണ് - പരിണാമ പ്രക്രിയയുടെ ഫലമായി രൂപം കൊണ്ടു.

⇨ സാമൂഹിക ഉടമ്പടി സിദ്ധാന്തം - ജനങ്ങൾ രൂപം നൽകിയ കരാറിലൂടെ രൂപം കൊണ്ടു.

⇨ ശക്തി സിദ്ധാന്തം - ശക്തരായവർ ദുർബലന്റെ മേൽ ആധിപത്യം പുലർത്തുന്നു.

86. ⇨ ചാന്നാർ ലഹള - മാറുമറക്കാനുള്ള അവകാശത്തിനായി തിരുവിതാംകൂറിലെ സ്ത്രീകൾ പോരാട്ടം നടത്തി.

വൈക്കം സത്യാഗ്രഹം - 1924 - ടി.കെ. മാധവന്റെ നേതൃത്വത്തിൽ

⇨ വൈക്കം ക്ഷേത്രത്തിന്റെ മുന്നിലുള്ള വഴികളിലൂടെ സഞ്ചരിക്കാനുള്ള സ്വാതന്ത്ര്യത്തിന് വേണ്ടിയുള്ളത്.

⇨ ഗുരുവായൂർ സത്യാഗ്രഹം - 1931 ൽ ആരംഭിച്ചു.

1936 നവംബർ 12 ന് ക്ഷേത്ര പ്രവേശന വിളംബരം പുറപ്പെടുവിച്ചു.

⇨ കെ. കേളപ്പന്റെ നേതൃത്വം

87. ⇨ സൈനിക സഖ്യങ്ങളുടെ രൂപീകരണം

⇨ അച്ചുതണ്ട് ശക്തികൾ, സഖ്യ ശക്തികൾ

⇨ പ്രീണനയം

⇨ ഫാഷിസത്തിന്റെയും നാസിസത്തിന്റെയും വളർച്ച - ഫലങ്ങൾ

⇨ ദശലക്ഷക്കണക്കിന് പേർ കൊല്ലപ്പെട്ടു.

⇨ യൂറോപ്യൻ രാഷ്ട്രങ്ങളുടെ മേധാവിത്വം തകർന്നു.

⇨ ഏഷ്യൻ - ആഫ്രിക്കൻ രാജ്യങ്ങളിൽ സ്വാതന്ത്ര്യസമരം ശക്തിപ്പെട്ടു.

⇨ അമേരിക്കയും സോവിയറ്റ് യൂണിയനും വൻ ശക്തിയായി മാറി.

⇨ ഐക്യരാഷ്ട്ര സംഘടന രൂപീകരിച്ചു.

88. വിദൂര സംവേദന സാങ്കേതിക വിദ്യയിലൂടെയും മറ്റും ശേഖരിച്ച വിവരങ്ങളെ ഉൾപ്പെടുത്തി ഭൂപടങ്ങൾ തയ്യാറാക്കുന്നതിനും ഇതിൽ മാറ്റം വരുത്തുന്നതിന് സോഫ്ട്‌വെയറുകൽ ഉപയോഗിക്കുകയും ചെയ്യുന്ന പ്രക്രിയ.

**പ്രയോജനങ്ങൾ**

⇨ പല ഉറവിടങ്ങളിൽ നിന്നുള്ള വിവരങ്ങൾ സംയോജിപ്പിക്കുന്നതിന്.

⇨ വിവരങ്ങൾ എളുപ്പത്തിൽ നവീകരിക്കാനും കൂട്ടിച്ചേർക്കാനും.

⇨ വിഷയാധിഷ്ഠിത പഠനങ്ങൾ നടത്തുന്നതിന് .

⇨ സ്ഥാനീയമായി പ്രദർശിപ്പിക്കുന്നതിന്.

⇨ ഭൂപടങ്ങൾ, പട്ടികകൾ, ഗ്രാഫുകൾ എന്നിവ നിർമ്മിക്കുന്നതിന്.

⇨ ശേഖരിച്ച വിവരങ്ങൾ ഉപയോഗിച്ച് ഭാവി പ്രതിഭാസങ്ങളെയും പ്രക്രിയകളെയും ദൃശ്യ മാതൃകകൾ സൃഷ്ടിക്കുന്നതിന്.

89. ഡോ. രാധാകൃഷ്ണൻ കമ്മീഷൻ.

⇨ തൊഴിലധിഷ്ഠിത വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങുക.

⇨ സ്ത്രീ വിദ്യാഭ്യാസത്തിന് പ്രോത്സാഹനം.

⇨ യു.ജി.സി. രൂപീകരണം.

ഡോ. ലക്ഷ്മണ സ്വാമി മുതലിയാർ കമ്മീഷൻ - ശുപാർശ

⇨ ത്രിഭാഷാ പദ്ധതി.

⇨ സെക്കന്ററി തലത്തിൽ വിദ്യാഭ്യാസ കമ്മീഷൻ.

⇨ വിവിധോദ്ദേശ സ്കൂളുകൾ

⇨ അധ്യാപക പരിശീലന സമിതി

ഡോ. വി.എസ്. കോത്താരി കമ്മീഷൻ

- ⇨ 10+2+3 മാതൃകയിൽ വിദ്യാഭ്യാസം
- ⇨ തൊഴിലധിഷ്ഠിത വിദ്യാഭ്യാസം - സെക്കന്ററി തലത്തിൽ
- ⇨ മൂല്യാധിഷ്ഠിത വിദ്യാഭ്യാസത്തിന് ഊന്നൽ

90.
- ➢ മുതിർന്നവരെ ബഹുമാനിക്കാനും സമൂഹസേവനത്തിലേർപ്പെടാനും പഠിക്കുന്നു.
- ➢ കുടുംബത്തിൽ നിന്നും പ്രചോദനവും പ്രോത്സാഹനവും ലഭിക്കുന്നു.
- ➢ വിദ്യാഭ്യാസം
- ➢ മൂല്യബോധം, സഹിഷ്ണുത, നേതൃത്വ ഗുണം, പരിസ്ഥിതി ബോധം, ശാസ്ത്രാവബോധം തുടങ്ങിയവ വളർത്തിയെടുക്കുക.
- ➢ മൂല്യാധിഷ്ഠിത വിദ്യാഭ്യാസ സമീപനത്തിലൂടെ പൗരബോധം ജനങ്ങളിലെത്തിക്കാൻ കഴിയും.
- ➢ മറ്റുള്ളവരിൽ നിന്നും സ്വീകരിക്കുന്ന സഹകരണവും പിന്തുണയും തിരികെ നൽകുകയെന്നത് ഉയർന്ന ജനാധിപത്യ ബോധത്തിന്റെ അടയാളമാണ്.
- ➢ എല്ലാ പ്രവർത്തനങ്ങളിലും ജനാധിപത്യ സമീപനം ഉണ്ടാവണം.

91.
- ➢ ലീഗൽ മെട്രോളജി വകുപ്പ് ⟶ അളവ്, തൂക്ക, നിലവാരം ഉറപ്പുവരുത്തുന്നു.
- ➢ ഭക്ഷ്യസുരക്ഷാ വകുപ്പ് ⟶ ഭക്ഷ്യവസ്തുക്കളുടെ ഗുണമേന്മ ഉറപ്പുവരുത്തുന്നു.
- ➢ കേന്ദ്ര-ഔഷധവില നിയന്ത്രണ കമ്മിറ്റി ⟶ മരുന്നുകളുടെ വില നിയന്ത്രിക്കുന്നു.
- ➢ ഡ്രഗ്സ് കൺട്രോൾ വകുപ്പ് ⟶ മരുന്നുകളുടെ ഗുണമേന്മ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നു.
- ➢ ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻഡേർഡ് അതോറിറ്റി ഓഫ് ഇന്ത്യ ⟶ ഉല്പാദനം, വിതരണം, സംഭരണം, വിൽപ്പന, ഇറക്കുമതി തുടങ്ങിയ ഘട്ടങ്ങളിൽ ഗുണനിലവാരം ഉറപ്പുവരുത്തുന്നു.

92. നെല്ല് - എക്കൽ മണ്ണ് - ഉയർന്ന താപനില 240$^0$c ന് മുകളിൽ

- മഴ - 150 സെ.മീ. കൂടുതൽ (ധാരാളം)

ഗോതമ്പ് - എക്കൽ മണ്ണ് - 10$^0$C മുതൽ 26$^0$C വരെ താപനില

- 75 സെ.മീ. മഴ

ചോളം - ഫലഭൂയിഷ്ടമായ മണ്ണ് - 75cm മഴ - ഉഷ്ണകാലത്തും ശൈത്യകാലത്തും കൃഷിചെയ്യുന്നു.

93. ശാശ്വത ഭൂനികുതി വ്യവസ്ഥ

റയട്ട്വാരി വ്യവസ്ഥ

മഹൽവാരി വ്യവസ്ഥ

സവിശേഷതകൾ : ശാശ്വത ഭൂനികുതി വ്യവസ്ഥ

- നികുതി പിരിച്ചെടുത്തിരുന്നത് സെമീന്ദാർ
- ഭൂമിയുടെ ഉടമസ്ഥൻ സെമീന്ദാർ
- കർഷകൻ കുടിയാന്മാരായിരുന്നു.
- വിളവിന്റെ 60% വരെ നികുതി നൽകണമായിരുന്നു.
- റയട്ട്വാരി വ്യവസ്ഥ.
- നികുതി പണമായി നൽകണം.
- കർഷകൻ നേരിട്ട് നികുതി നൽകുന്നു.
- ഭൂമിയുടെ ഉടമസ്ഥാവകാശം കർഷകനായിരുന്നു
- അമിതമായ നികുതി

  മഹൽവാരി വ്യവസ്ഥ
- ഗ്രാമത്തലവൻ നികുതി പിരിച്ചു.
- അമിതമായ നികുതി നിരക്ക്
- ഗ്രാമത്തെ ഒരു യൂണിറ്റായി കണക്കാക്കിയിരുന്നു.

  (ഏതെങ്കിലും 6 പോയിന്റ്)

94.
- മർദ്ദ ചരിവു മാനബലം
- കൊറിയോലിസ് പ്രഭാവം
- ഘർഷണം
- മർദ്ദ ചരിവ് കൂടുതലുള്ള സ്ഥലങ്ങളിൽ കാറ്റിന്റെ വേഗത കൂടുതലായിരിക്കും.
- കൊറിയോലിസ് ബലം - കൊറിയോലിസ് ബലത്തിന്റെ പ്രഭാവത്താൽ ഉത്തരാർധഗോളത്തിൽ കാറ്റുകൾ സഞ്ചാര ദിശയ്ക്ക് വലതുവശത്തേക്കും ദക്ഷിണാർധ ഗോളത്തിൽ സഞ്ചാരദിശയ്ക്ക് ഇടതുവശത്തേക്കും വ്യതിചലിക്കുന്നു.

  ഘർഷണം - ഘർഷണം കൂടുമ്പോൾ കാറ്റിന്റെ വേഗത കുറയുന്നു.

95. സാമൂഹ്യപരിഷ്കർത്താക്കൾ മുന്നോട്ട്വച്ച ആശയങ്ങൾ

- ജാതിവ്യവസ്ഥ നിർമ്മാർജ്ജനം ചെയ്യുക.
- എല്ലാവരുടെയും അവകാശങ്ങൾ സംരക്ഷിക്കുക
- സ്ത്രീകൾക്ക് എതിരായ വിവേചനങ്ങൾ അവസാനിപ്പിക്കുക.

- എല്ലാവർക്കും വിദ്യാഭ്യാസം നൽകുക
- വിധവ പുനർവിവാഹം, പൗരോഹിത്യ മേധാവിത്വം അവസാനിപ്പിക്കുക (ഏതെങ്കിലും 3 എണ്ണം)

സാമൂഹിക ആനാചാരങ്ങളെ നിരോധിച്ചുകൊണ്ടുള്ള നടപടികൾ

- ശൈശവ വിവാഹവും ബഹുഭാര്യാത്വവും നിരോധിച്ചു.
- അടിമത്തം നിരോധിച്ചു
- വിധവാ പുനർവിവാഹം നടപ്പിലാക്കി
- പെൺഭ്രൂണഹത്യ
- സതി നിരോധിച്ചു
- പന്ത്രണ്ട് വയസ്സിന് താഴെയുള്ള പെൺകുട്ടികളുടെ വിവാഹത്തിന് വിലക്കേർപ്പെടുത്തി. (ഏതെങ്കിലും 3 എണ്ണം)

96. സാമ്രാജ്യത്വം - ഒരു രാജ്യം മറ്റൊരു രാജ്യത്തിനുമേൽ സ്ഥാപിക്കുന്ന രാഷ്ട്രീയ സാമ്പത്തിക, സാംസ്കാരിക ആധിപത്യം.

സാമ്രാജ്യത്വം കോളനി രാജ്യങ്ങളെ എങ്ങനെയെല്ലാമാണ് ബാധിച്ചത്.

- കോളനികളുടെ പരമ്പരാഗത സമ്പദ്‌വ്യവസ്ഥ തകർന്നു.
- ഭരണരീതിയും നിയമവ്യവസ്ഥയും മാറ്റിമറിക്കപ്പെട്ടു.
- നാണ്യവിളകൾ കൃഷി ചെയ്യാൻ നിർബന്ധിതരായി.
- ദാരിദ്ര്യവും തൊഴിലില്ലായ്മയും വർധിച്ചു.
- പ്രകൃതി വിഭവങ്ങൾ കൊള്ളയടിക്കപ്പെട്ടു.
- തദ്ദേശീയമായ കല, സാഹിത്യം, ഭാഷ, സംസ്കാരം, വിദ്യാഭ്യാസം എന്നിവ തകർക്കപ്പെട്ടു.

97. **ബഹിരാകാശ ഗവേഷണം**

* ഇന്ത്യൻ ദേശീയ ബഹിരാകാശ ഗവേഷണ സമിതിയുടെ രൂപീകരണം - 1962
* ഇന്ത്യൻ ബഹിരാകാശ ഗവേഷണ സംഘടന (ഐ.എസ്.ആർ.ഒ) - 1969
* ആദ്യത്തെ റോക്കറ്റ് വിക്ഷേപണ കേന്ദ്രം - തുമ്പ
* ആര്യഭട്ട - ഉപഗ്രഹ വിക്ഷേപണം - 1975
* ബഹിരാകാശ വാഹനങ്ങൾ വികസിപ്പിച്ചു.
* ഉപഗ്രഹങ്ങൾ നിർമ്മിക്കാനും വിക്ഷേപിക്കാനും കഴിയുന്ന ഏക വികസ്വര രാഷ്ട്രം
* ഉപഗ്രഹങ്ങൾ വികസിപ്പിക്കുന്ന ഏജൻസികൾ

- നാഷണൽ റിമോട്ട് സെൻസിംഗ് ഏജൻസി
- ഫിസിക്കൽ റിസർവ്വ് ലബോറട്ടറി

* മിസൈൽ സാങ്കേതിക വിദ്യ -

  അഗ്നി, വൃഥി മിസൈലുകൾ -

* ആണവ പരീക്ഷണം - ഡോ. രാജാരാമണ്ണ, ഡോ. എ.പി.ജെ. അബ്ദുൽ കലാം
* ചാന്ദ്രയാൻ - ഇന്ത്യയുടെ ആദ്യത്തെ ചാന്ദ്ര പരീക്ഷണ ദൗത്യം
* മംഗൾയാൻ - ഇന്ത്യയുടെ ചൊവ്വാ ദൗത്യ

**നാട്ടുരാജ്യങ്ങളുടെ സംയോജനം**

* കേന്ദ്രമന്ത്രി സഭയിലെ സംസ്ഥാനങ്ങളുമായി ബന്ധപ്പെട്ട ചുമതല - സർദാർ വല്ലഭായി പട്ടേൽ
* സ്റ്റേസ് ഡിപ്പാർട്ട്മെന്റിന്റെ സെക്രട്ടറിയായി മലയാളിയായ വി.പി. മേനോനെ നിയമിച്ചു.
* ലയനക്കരാർ തയ്യാറാക്കി
* നാട്ടുരാജ്യങ്ങൾ പ്രതിരോധം, വിദേശകാര്യം, വാർത്താവിനിമയം എന്നിവയുടെ നിയന്ത്രണം കേന്ദ്രസർക്കാരിന് കൈമാറണം - ലയനക്കാരാറിലെ പ്രധാന വ്യവസ്ഥ.
* ജനകീയ പ്രതിഷേധങ്ങളും ഗവൺമെന്റിന്റെ പ്രായോഗിക സമീപനവും മൂലം ഭൂരിഭാഗം നാട്ടുരാജ്യങ്ങളും ലയനക്കരാറിൽ ഒപ്പുവെച്ചു.
* ഹൈദരാബാദ്, കാശ്മീർ, ജുനഗഡ് എന്നീ നാട്ടുരാജ്യങ്ങൾ ഇന്ത്യൻ യൂണിയനിൽ ചേരാൻ വിസമ്മതിച്ചു.
* അനുരഞ്ജനത്തിലൂടെയും സൈനിക നടപടികലിലൂടെയും ഇവയെ പിന്നീട് ഇന്ത്യൻ യൂണിയനിൽ കൂട്ടിച്ചേർത്തു.

98.
* ജനാധിപത്യത്തോടുള്ള വിരോധം
* രാഷ്ട്രത്തെ മഹത്വവൽക്കരിക്കൽ
* യുദ്ധത്തെ മഹത്വവൽക്കരിക്കൽ
* ഭൂതകാലത്തെ പ്രകീർത്തിക്കൽ
* സൈനിക സ്വേച്ഛാധിപത്യം
* സോഷ്യലിസത്തോടുള്ള എതിർപ്പ്
* വംശ മഹിമ ഉയർത്തിപ്പിടിക്കൽ
* തീവ്രദേശീയത പ്രചരിപ്പിക്കൽ
* കല, സാഹിത്യം, വിദ്യാഭ്യാസം തുടങ്ങിയവയിലൂടെയുള്ള ആശയപ്രചരണം
* രാഷ്ട്രീയ എതിരാളികളെ ഉന്മൂലനം ചെയ്യൽ (ഏതെങ്കിലും 8 പോയിന്റ്)

99. **ഭൂസ്ഥിര ഉപഗ്രഹങ്ങൾ**

- സഞ്ചാരപഥം ഭൂമിയിൽ നിന്ന് ഏകദേശം 36000 കിലോമീറ്റർ ഉയരത്തിലാണ്.
- ഭൂമിയുടെ മൂന്നിൽ ഒന്ന് ഭാഗം നിരീക്ഷണ പരിധിയിൽ വരുന്നു.
- ഭൂമിയുടെ ഭ്രമണ വേഗത്തിന് തുല്യമായ വേഗത്തിൽ സഞ്ചരിക്കുന്നതിനാൽ എല്ലായ്പ്പോഴും ഭൂമിയുടെ ഒരേ പ്രദേശത്തെ അഭിമുഖീകരിച്ച് നിലകൊള്ളുന്നു.
- ഒരു പ്രദേശത്തിന്റെ സ്ഥിരമായ വിവരശേഖരണത്തിന് സാധിക്കുന്നു.
- വാർത്താവിനിമയത്തിനും ദിനാന്തരീക്ഷ സ്ഥിതി മനസ്സിലാക്കാനും സഹായിക്കുന്നു.
- ഇന്ത്യയുടെ ഇൻസാറ്റ് ഉപഗ്രഹങ്ങൾ ഉദാഹരണങ്ങളാണ്

**സൗരസ്ഥിര ഉപഗ്രഹങ്ങൾ**

- സഞ്ചാരപഥം ഭൗമോപരിതലത്തിൽ നിന്ന് ഏകദേശം 900 കിലോമീറ്റർ ഉയരത്തിലാണ്.
- ഭൂസ്ഥിര ഉപഗ്രഹങ്ങളെക്കാൾ കുറഞ്ഞ നിരീക്ഷണ പരിധി
- കൃത്യമായ ഇടവേളകളിൽ പ്രദേശത്തിന്റെ ആവർത്തിച്ചുള്ള വിവരശേഖരണം സാധ്യമാകുന്നു.
- പ്രകൃതിവിഭവങ്ങൾ ഭൂവിനിയോഗം ഭൂഗർഭജലം മുതലായവയെക്കുറിച്ചുള്ള വിവരശേഖരണത്തിന് ഉപയോഗിക്കുന്നു.
- വിദൂരസംവേദനത്തിന് മുഖ്യമായും ഈ ഉപഗ്രഹങ്ങളെ പ്രയോജനപ്പെടുത്തുന്നു.
- IRS, Landset തുടങ്ങിയ ഉപഗ്രഹങ്ങൾ സൗരസ്ഥിര ഉപഗ്രഹങ്ങൾക്ക് ഉദാഹരണങ്ങളാണ്.

100. ⇨ രാജാക്കന്മാരുടെ ഏകാധിപത്യം

⇨ സാമൂഹിക സാമ്പത്തിക അസമത്വം - എസ്റ്റേറ്റുകൾ

⇨ ചിന്തകന്മാരുടെ സ്വാധീനം

**സ്വാധീനം**

⇨ മധ്യവർഗ്ഗത്തിന്റെ വളർച്ചയെ സഹായിച്ചു

⇨ ദേശീയതയുടെ ആവിർഭാവത്തിന് വഴിയൊരുക്കി

⇨ ജനകീയ പരമാധികാരം എന്ന ആശയം

⇨ രാജ്യമെന്നാൽ പ്രദേശമല്ല ജനങ്ങളാണ്

⇨ സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം എന്ന ആശയം

- ⇨ പിൽക്കാല വിപ്ലവങ്ങൾക്ക് ആവേശം പകർന്നു.
- ⇨ ഫ്യൂഡൽ വ്യവസ്ഥയ്ക്ക് അന്ത്യം കുറിച്ചു.

101. നിസ്സഹകരണ സമരം - സവിശേഷതകൾ

- ⇨ വക്കീലന്മാർ കോടതികൾ ഉപേക്ഷിക്കുക
- ⇨ വിദേശ വസ്തുക്കൾ ബഹിഷ്കരിക്കുക
- ⇨ തെരഞ്ഞെടുപ്പുകൾ ബഹിഷ്കരിക്കുക
- ⇨ നികുതി നൽകാതിരിക്കുക
- ⇨ വിദ്യാർത്ഥികൾ ഇംഗ്ലീഷ് വിദ്യാലയങ്ങൾ ഒഴിവാക്കുക

**സിവിൽ നിയമലംഘനം**

**1929 ലെ ലാഹോർ കോൺഗ്രസ്സ് തീരുമാനം ആവശ്യങ്ങൾ**

- ⇨ ഉപ്പ് നികുതി എടുത്തുകളയുക
- ⇨ കൃഷിക്കാർക്ക് 50% നികുതിയിളവ്
- ⇨ ഇറക്കുമതിക്ക് നികുതി വർദ്ധിപ്പിക്കുക
- ⇨ രാഷ്ട്രീയ തടവുകാരെ വിട്ടയക്കുക
- ⇨ തീരദേശ കപ്പൽ ഗതാഗതം ആരംഭിക്കുക
- ⇨ സമ്പൂർണ്ണ മദ്യ നിരോധനം നടപ്പിലാക്കുക

102. a) മധ്യരേഖാ ന്യൂനമർദ്ദ മേഖല

ഉപോഷ്ണ ഉച്ചമർദ്ദ മേഖല

ഉപധ്രുവീയ ന്യൂനമർദ്ദ മേഖല

ധ്രുവീയ ഉച്ചമർദ്ദ മേഖല

b) സൗരോർജ്ജ ലഭ്യതയിലെ ഏറ്റക്കുറച്ചിൽ

ഭൂമിയുടെ ഭ്രമണം

c) **മധ്യരേഖാ ന്യൂനമർദ്ദ മേഖല**

വർഷം മുഴുവൻ സൂര്യ രശ്മികൾ ലംബമായി പതിക്കുന്നതിനാൽ ഈ മേഖലയിൽ ചൂട് കൂടുതലാണ്. ചൂടേറ്റ് വായു വികസിക്കുകയും വൻതോതിൽ ഉയരുകയും ചെയ്യുന്നതിനാൽ ഈ മേഖലയിലുടനീളം ന്യൂനമർദ്ദം അനുഭവപ്പെടുന്നു.

**ഉപോഷ്ണ ഉച്ചമർദ്ദ മേഖല**

മധ്യരേഖാ പ്രദേശത്തു നിന്നും ചൂടുപിടിച്ച് ഉയരുന്ന വായു ക്രമേണ തണുത്ത് ഭൂഭ്രമണത്തിന്റെ സ്വാധീനത്താൽ ഉപോഷ്ണ മേഖലയിൽ എത്തുമ്പോഴേക്കും താഴുന്നു. ഇതുമൂലം ഈ മേഖലയിലുടനീളം ഉച്ചമർദ്ദം അനുഭവപ്പെടുന്നു.

**ഉപധ്രുവീയ ന്യൂനമർദ്ദ മേഖല**

ഭൂമിയോട് ചേർന്ന് നിലകൊള്ളുന്ന ഈ പ്രദേശത്തെ ഭൂമിയുടെ ഭ്രമണം മൂലം ശക്തമായി ചുഴറ്റി എറിയപ്പെടുന്നു. ഇതുമൂലം ഉപധ്രുവീയ മേഖലയിൽ ഉടനീളം ന്യൂനമർദ്ദം അനുഭവപ്പെടുന്നു.

**ധ്രുവീയ ഉച്ചമർദ്ദ മേഖല**

ധ്രുവ പ്രദേശങ്ങളിലെ അതികഠിനമായ തണുപ്പിൽ അവിടത്തെ വായു തണുക്കുന്നതിനാൽ ഈ മേഖലയിൽ സദാ ഉച്ചമർദ്ദം അനുഭവപ്പെടുന്നു.

103. നിസ്സഹകരണ സമരം – സവിശേഷതകൾ

- വക്കീലന്മാർ കോടതികൾ ബഹിഷ്കരിക്കുക.
- വിദേശ വസ്തുക്കൾ ബഹിഷ്കരിക്കുക.
- തിരഞ്ഞെടുപ്പുകൾ ബഹിഷ്കരിക്കുക.
- ബ്രിട്ടീഷ് പുരസ്ക്കാരങ്ങൾ തിരികെ നൽകുക.
- നികുതി നൽകാതിരിക്കുക.
- വിദ്യാർത്ഥികൾ ഇംഗ്ലീഷ് വിദ്യാലയങ്ങൾ ബഹിഷ്ക്കരിക്കുക.

(ഏതെങ്കിലും 4 എണ്ണം എഴുതുക)

സിവിൽ നിയമലംഘനം

- ബ്രിട്ടീഷുകാരുടെ ജനവിരുദ്ധമായ സിവിൽ നിയമങ്ങൾ ലംഘിക്കുക.

ഗാന്ധിജി മുന്നോട്ടുവച്ച ആശയങ്ങൾ

- ഉപ്പു നികുതി എടുത്തുകളയുക
- കൃഷിക്കാർക്ക് 50% നികുതിയിളവ് നൽകുക (ഏതെങ്കിലും 3 എണ്ണം എഴുതുക)

- ➢ രാഷ്ട്രീയത്തടവുകാരെ വിട്ടയക്കുക
    - ➢ തീരദേശ കപ്പൽ ഗതാഗതം ആരംഭിക്കുക
    - ➢ സമ്പൂർണ്ണ മദ്യനിരോധനം നടപ്പാക്കുക
    - ➢ സൈനിക ചെലവും ഉയർന്ന ഉദ്യോഗസ്ഥരുടെ ശമ്പളവും വെട്ടിക്കുറയ്ക്കുക.

104. ഫെബ്രുവരി വിപ്ലവം

- ➢ 1917 ഭക്ഷ്യക്ഷാമം രൂക്ഷമായി
- ➢ റൊട്ടിക്കുവേണ്ടി തെരുവീഥികളിൽ പ്രകടനം നടത്തി
- ➢ സൈന്യവും തൊഴിലാളികൾക്കൊപ്പം ചേർന്നു.
- ➢ പെട്രോഗ്രാഡ് പട്ടണം തൊഴിലാളികൽ പിടിച്ചെടുത്തു
- ➢ നിക്കോളസ് രണ്ടാമൻ സ്ഥാനമൊഴിഞ്ഞു.
- ➢ അലക്സാണ്ടർ കെറൻസ്കിയുടെ നേതൃത്വത്തിൽ താത്കാലിക ഗവൺമെന്റ് നിലവിൽ വന്നു.

**ഒക്ടോബർ വിപ്ലവം**

- ➢ താത്കാലിക ഗവൺമെന്റിനെ സോവിയറ്റുകളിൽ ഒരു വിഭാഗം അംഗീകരിച്ചില്ല.
- ➢ ലെനിൻ റഷ്യയിൽ തിരിച്ചെത്തി
- ➢ താഴെ നൽകിയിരിക്കുന്ന ആവശ്യങ്ങൾ ഉന്നയിച്ചു.
    - * ഒന്നാം ലോകയുദ്ധത്തിൽ നിന്നും പിൻവാങ്ങുക
    - * പ്രഭുക്കന്മാരുടെ കൈവശമുള്ള ഭൂമി പിടിച്ചെടുത്ത് കർഷകർക്ക് വിതരണം ചെയ്യുക.
    - * ഫാക്ടറികൾ ജനങ്ങളുടെ പൊതുസ്വത്തായി മാറ്റുക.
- ➢ 1917 ഒക്ടോബറിൽ ബോൾഷെവിക്കുകൾ താത്കാലിക ഗവൺമെന്റിനെതിരെ സായുധ കലാപം ആരംഭിച്ചു. കെറൻസ്കി രാജ്യം വിട്ടുപോവുകയും റഷ്യ ബോൾ ഷെവിക്കുകളുടെ നിയന്ത്രണത്തിലാവുകയും ചെയ്തു.

105. **ഗ്രീനിച്ച് രേഖ**

- * പൂജ്യം ഡിഗ്രി രേഖാംശരേഖ.
- * ഇംഗ്ലണ്ടിലെ റോയൽ ബ്രിട്ടീഷ് വാനനിരീക്ഷണശാല സ്ഥിതിചെയ്യുന്ന ഗ്രീനിച്ചിലൂടെ കടന്നുപോകുന്നു.

* ലോകത്തെവിടെയുമുള്ള സമയം കണക്കാക്കുന്നത് ഈ രേഖയുടെ അടിസ്ഥാനത്തിലാണ്.
* പ്രൈം മെറീഡിയൻ
* ഗ്രീനിച്ച് രേഖയിലെ പ്രാദേശിക സമയം, ഗ്രീനിച്ച് സമയം
* ലോകത്തെ 24 സമയമേഖലകളായി തിരിച്ചത് ഈ രേഖയുടെ അടിസ്ഥാനത്തിൽ

**അന്താരാഷ്ട്ര ദിനാങ്ക രേഖ**

* $180^0$ രേഖാംശരേഖയാണ് അന്താരാഷ്ട്ര ദിനാങ്കരേഖ
* നേർരേഖയല്ല.
* കരഭാഗങ്ങൾ ഒഴിവാക്കി പസഫിക് സമുദ്രത്തിലെ ബെറിംഗ് കടലിടുക്കിലൂടെ കടന്നുപോകുന്നു.
* കിഴക്കും പടിഞ്ഞാറും തമ്മിൽ 24 മണിക്കൂർ സമയം വ്യത്യാസം.
* പടിഞ്ഞാറോട്ട് പോകുന്നവർ കലണ്ടറിൽ ഒരു ദിവസം കൂട്ടിയും കിഴക്കോട്ട് പോകുന്നവർ ഒരു ദിവസം കുറച്ചും സമയം കണക്കാക്കുന്നു.

**ഇന്ത്യയുടെ മാനക രേഖാംശം**

* $82^0 30'$ രേഖാംശം
* ഇന്ത്യയുടെ മധ്യഭാഗത്തുകൂടെ കടന്നുപോകുന്നു.
* ഈ രേഖാംശത്തിലെ സമയമാണ് ഇന്ത്യയുടെ പൊതുവായ സമയം

  ഇന്ത്യൻ സ്റ്റാൻഡേർഡ് സമയം

DISTRICT PANCHAYATH KASARAGOD



DIET KASARAGOD